VOL NO: 09
ISSUE 21
2025 MAY 24
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ പഹൽഗാമിന്റെ മറവിൽ നടന്ന സംഘ്പരിവാർ ഭീകരത

# ജീവിതത്തെ കുറിച്ചുള്ള അന്വേഷണം



ഉണ്ടും ഉറങ്ങിയും ഉന്മാദിച്ചും ജീവിച്ചു തീർക്കേണ്ടവനല്ല മനുഷ്യൻ. കാരണം, നിയതമായ ലക്ഷ്യങ്ങളോടെയാണ് അവനെ സ്രഷ്ടാവ് സൃഷ്ടിച്ചിട്ടുള്ളത്. എവിടെനിന്ന് വന്നു? എവിടേക്ക് മടങ്ങുന്നു? ഇടയിലുള്ള ജീവിതത്തിന്റെ അർഥമെന്ത്? ഇത്തരം അന്വേഷണങ്ങളിൽ നിന്ന് മനുഷ്യന് ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്താം.

**ഇസ്‌ലാമും ബലികർമവും**

**ശീഇസം; വൈരുധ്യങ്ങളുടെ കലവറ**

**ജനസംഖ്യ സ്ഥിതിവിവരം നമ്മെ ബോധ്യപ്പെടുത്തുന്നത്**


ഹജ്ജ്, ഉംറ എന്നിവയുടെ രൂപം
ലളിതമായി ചിത്ര സഹിതം
Zameel ആപ്പിൽ ലഭ്യമാണ്..!
ഉംറയുടെ രൂപം
zameel
the soulmate
Reading Time: 4 mins
ഉംറയുടെ രൂപം
THE KA'ABA
ഉംറയുടെ റുകുനുകൾ
ഇഹ്റാം
വാജിബുകൾ
zameel
the soulmate
Download Zameel
Available on the
App Store
GET IT ON
Google Play

435
# നേർപഥം
വാരിക


2025 മെയ് 24
1446 ദുൽഖഅദ് 22
പുസ്തകം 09 / ലക്കം 21




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




ഉസ്മാൻ പാലക്കാഴി

ഉണ്ടും ഉറങ്ങിയും ഉന്മാദിച്ചും ജീവിച്ചു തീർക്കേണ്ടവനല്ല മനുഷ്യൻ. കാരണം, നിയതമായ ലക്ഷ്യങ്ങളോടെയാണ് അവനെ സ്രഷ്ടാവ് സൃഷ്ടിച്ചിട്ടുള്ളത്. എവിടെനിന്ന് വന്നു? എവിടേക്ക് മടങ്ങുന്നു? ഇടയിലുള്ള ജീവിതത്തിന്റെ അർഥമെന്ത്? ഇത്തരം അന്വേഷണങ്ങളിൽ നിന്ന് മനുഷ്യന് ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്താം.

**06** മുഖമൊഴി
പഹൽഗാമിന്റെ മറവിൽ നടന്ന സംഘ്പരിവാർ ഭീകരത

**07** ലേഖനം
ബിദ്അത്തിന്റെ കക്ഷികൾ
ശമീർ മദീനി

**18** ലേഖനം
ഇസ്‌ലാമും ബലികർമവും
മെഹബൂബ് മദനി

**21** ലേഖനം
ഇബ്‌റാഹീം നബി(അ)യുടെ മഹത്ത്വവും വിശേഷണങ്ങളും
മുനവ്വർ ഫൈറൂസ്. എ

**24** കർമപഥം
രോഗിയും സാമ്പത്തിക വിനിമയവും
വിവ: അബ്ദുൽ ജബ്ബാർ മദീനി

**26** പഠനം
ജനസംഖ്യ സ്ഥിതിവിവര കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നത്
റസാഖ് ചെറൂപ്പ

**29** ലേഖനം
ശീഇസം; വൈരുധ്യങ്ങളുടെ കലവറ
മുജീബ് റഹ്‌മാൻ സ്വലാഹി കരുവാരകുണ്ട്

**31** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുലുക്വ്‌മാൻ
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കാഴ്ച
നന്മയുടെ നീർത്തുള്ളികൾ
ഇബ്‌നു അലി എടത്തനാട്ടുകര

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം ഹൗസ്: നിർമാണം ആരംഭിച്ചു

കോഴിക്കോട്: 'വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ' ഏതെങ്കിലും ഒരു വ്യക്തിയുടെയോ ഏതാനും വ്യക്തികളുടെയോ ഭൗതിക താൽപര്യ സംരക്ഷണത്തിനും സ്ഥാനമാനങ്ങൾക്കുമായി ഒരു സുപ്രഭാതത്തിൽ തട്ടിക്കൂട്ടിയ സംഘടനയല്ല. 2012ൽ മുജാഹിദ് പ്രസ്ഥാനത്തെ നയിച്ചിരുന്നവർ വിദ്യാർഥി-യുവജന ഘടകങ്ങളെ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച് യാതൊരു മുന്നറിയിപ്പുമില്ലാതെ, സംഘടനാപരമായ ചട്ടങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് പിരിച്ചുവിടുകയുണ്ടായി. പ്രഗത്ഭരായ കുറെ പണ്ഡിതന്മാരെയും നേതാക്കളെയും സംഘടനയിൽനിന്ന് പുറത്താക്കി. ആ അവസരത്തിൽ ആയിരക്കണക്കിന് യുവാക്കൾക്കും വിദ്യാർഥികൾക്കും ഇനിയെന്ത് എന്നു ചോദിച്ച് സ്തബ്ധരായി നിൽക്കാൻ അവസരം നൽകാതെ, അവരുടെ കർമശേഷി അഭിലഷണീയമല്ലാത്ത കൂട്ടായ്മകളിൽ വിനിയോഗിക്കാൻ ഇടനൽകാതെ, പുറത്താക്കപ്പെട്ട നേതാക്കന്മാർ 'ദഅ്‌വ സമിതി' എന്ന പേരിൽ ഒരു പ്രബോധക കൂട്ടായ്മ രൂപീകരിച്ചു. പ്രബോധന പ്രവർത്തനങ്ങളുമായി ഭംഗിയായി മുന്നോട്ടു പോയി.

ആ കൂട്ടായ്മ പിന്നീട് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷനായും ശേഷം ഇപ്പോഴത്തെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനായും മാറി. ആസ്ഥാനമന്ദിരമോ സ്വന്തമായ ഓഫിസോ ഇല്ലെങ്കിലും അതെല്ലാം ഉള്ളവരെക്കാൾ പ്രബോധന പ്രവർത്തന രംഗത്ത് മുന്നേറി. വാടകയ്ക്ക് ചെറിയൊരു ഓഫീസ് പ്രവർത്തനക്ഷമമായി. പിന്നീടത് ഒന്നുകൂടി വിശാലമാക്കി. ശേഷം ഇപ്പോഴുള്ള കൂടുതൽ വിശാലതയുള്ള ഓഫീസിലേക്ക് മാറി. പ്രവർത്തനങ്ങളും പ്രവർ





ത്തകരും വർധിച്ചുകൊണ്ടേയിരിക്കുന്ന ഘട്ടത്തിൽ സ്വന്തമായ ഒരു ആസ്ഥാനത്തിന്റെ അനിവാര്യത ബോധ്യമായ നേതൃത്വം അതിനായി കോഴിക്കോടിന്റെ ഹൃദയഭാഗത്തുതന്നെ അതിന് സ്ഥലം കണ്ടെത്തി. പ്രവർത്തകർ അത് ഏറ്റെടുത്തു; സ്വന്തമാക്കാൻ കൈയയച്ച് സഹായിച്ചു. 2017ൽ സ്ഥലം സ്വന്തമാക്കി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ, പോഷക ഘടകങ്ങളായ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ, വിസ്ഡം ഇസ്‌ലാമിക് വുമൺസ് ഓർഗനൈസേഷൻ, വിസ്ഡം ഇസ്‌ലാമിക് ഗേൾസ് ഓർഗനൈസേഷൻ, നേർപഥം വാരിക തുടങ്ങിയവയുടെയെല്ലാം ഇന്നത്തെ കേന്ദ്രം പരിമിതമായ വാടകക്കെട്ടിടമാണ്. ഈ പരിമിതിയും സൗകര്യക്കുറവും മറികടക്കൽ അനിവാര്യമാണ്. അതുകൊണ്ട് തന്നെ, ഓഫീസ് അടക്കമുള്ള, വർത്തമാനകാലത്ത് ഒരു മത സംഘടനക്ക് പ്രവർത്തിക്കാനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ വേണോ അതെല്ലാമുള്ള ഒരു കെട്ടിടമുണ്ടാക്കുന്നതിനെക്കുറിച്ചായി അടുത്ത ആലോചന. മുജാഹിദ് കേരളം വർഷങ്ങളായി ആഗ്രഹിക്കുന്ന ഒന്നാണ് അത്.




സ്വന്തമാക്കിയ സ്ഥലത്ത് സ്വപ്ന പദ്ധതിക്കായി പ്ലാനുകൾ പലതും വരച്ചു. കോർപ്പറേഷന് സമർപ്പിച്ചു. നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി അത് അംഗീകരിച്ചു കിട്ടാൻ ഏറെ വൈകി. എട്ടു വർഷം നീണ്ട കാത്തിരിപ്പ്. പലരും നിരാശരായി. സങ്കടപ്പെട്ടു. പലരും സ്വന്തമായ ഒരു ആസ്ഥാനം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നത് കാണാനാകാതെ ലോകത്തോട് യാത്ര പറഞ്ഞു.

ഒടുവിൽ ഇതാ നിയമത്തിന്റെ എല്ലാ കുരുക്കുകളും അഴിഞ്ഞിരിക്കുന്നു. 'വിസ്ഡം ഹൗസ്' എന്ന, പേര് കേൾക്കുമ്പോൾതന്നെ 'സ്വന്തമായ ഒന്ന്' എന്ന അനുഭൂതി പകരുന്ന കെട്ടിടസമുച്ചയത്തിന്റെ നിർമാണത്തിന് 2025 മെയ് 16ന് തുടക്കം കുറിച്ചിരിക്കുന്നു-നാഥന് സ്തുതി.

കോഴിക്കോട് എം.എം അലി റോഡിന്റെ പാർശ്വത്തിലാണ് 6 നിലകളിലായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ഓഫീസ് സമുച്ചയം നിർമിക്കുന്നത്.

നിർമാണോദ്ഘാടനം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി നിർവഹിച്ചു. സമൂഹത്തിന്റെ ആത്മീയ അന്വേഷണങ്ങൾക്കും ക്ഷേമത്തിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ആശാകേന്ദ്രമായി വിസ്ഡം ഹൗസ് നിലകൊള്ളുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. എം.കെ രാഘവൻ എം.പി മുഖ്യാതിഥിയായിരുന്നു. കേരളത്തിൽ വക്കം മൗലവിയും മുഹമ്മദ് അബ്ദുർ റഹ്മാൻ സാഹിബും തുടങ്ങിവച്ച നവോത്ഥാന പ്രവർത്തനങ്ങളുടെ തുടർച്ച ഏറ്റെടുത്ത വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആസ്ഥാന മന്ദിരം സാമൂഹിക നവോത്ഥാനത്തിന് കൂടുതൽ കരുത്ത് പകരട്ടെ എന്ന് എംപി ആശംസിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, സി.പി.ഐ.എം കോഴിക്കോട് ജില്ലാ സെക്രട്ടറി എം. മെഹബൂബ്, ഡി.സി.സി പ്രസിഡന്റ് അഡ്വ. പ്രവീൺകുമാർ, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ്, മുസ്‌ലിം ലീഗ് കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി ടി.ടി ഇസ്മാഈൽ, പ്രസിഡന്റ് അബ്ദുറസാഖ് മാസ്റ്റർ, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ കെ. മൊയ്തീൻകോയ, സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ നാഷണൽ കോ-ഓർഡിനേഷൻ പ്രസിഡന്റ് മുഹമ്മദ് കുട്ടി ഐക്കരപ്പടി, എം എസ് എസ് സംസ്ഥാന സെക്രട്ടറി എഞ്ചി. മുഹമ്മദ് കോയ, സി.ടി സക്കീർ ഹുസൈൻ, ഇഖ്‌റഅ് ഇന്റർനാഷണൽ ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. പി.സി അൻവർ, ചന്ദ്രിക ദിനപത്രം ചീഫ് എഡിറ്റർ കമാൽ വരദൂർ, അഡ്വ. പി എം ഹനീഫ, അബൂബക്കർ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി, ജന.സെക്രട്ടറി ടി.കെ നിഷാദ് സലഫി, വിസ്ഡം സ്റ്റുഡന്റ്സ് ജന. സെക്രട്ടറി മുഹമ്മദ് ശമീൽ മഞ്ചേരി, എഞ്ചി. അബ്ദുർ റസാഖ് അത്തോളി എന്നിവർ പരിപാടിയിൽസംബന്ധിച്ചു. ■

# പഹൽഗാമിന്റെ മറവിൽ നടന്ന സംഘ്പരിവാർ ഭീകരത

പഹൽഗാമിൽ ഭീകരാക്രമണം നടത്തിയത് പാക്കിസ്ഥാനികളാണ്. അവരുടെ ലക്ഷ്യം രാജ്യത്ത് വർഗീയ ചേരിതിരിവിന് ആക്കം കൂട്ടുക എന്നതായിരുന്നു. അതിനാണ് കൊല്ലുന്നതിനു മുമ്പ് ബോധപൂർവം പേരു ചോദിച്ചത്. മുസ്‌ലിം ന്യൂനപക്ഷത്തിനെതിരിൽ കുരച്ചുകൊണ്ട് ചാടിവീഴാൻ ചെറിയൊരു കാരണത്തിന് കാത്തിരിക്കുന്ന ഇന്ത്യയിലെ സംഘ്പരിവാർ ഭീകരവാദികൾക്ക് നല്ലൊരു അവസരമാണ് പാക്ക് ഭീകരവാദികൾ നൽകിയത്.

2025 ഏപ്രിൽ 22ന് പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന് ശേഷം, സിവിൽ റൈറ്റ്സ് പ്രൊട്ടക്ഷൻ അസോസിയേഷൻ (APCR) തയ്യാറാക്കിയ റിപ്പോർട്ടിൽ ഏപ്രിൽ 22നും മെയ് 8നും ഇടയിൽ ഇന്ത്യയിലുടനീളം മുസ്‌ലിംകൾക്കെതിരായി കുറഞ്ഞത് 184 വിദ്വേഷ കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു! വിദ്വേഷ പ്രസംഗം, ശാരീരിക ആക്രമണം, കൊലപാതകം, നശീകരണം, സാമൂഹിക-സാമ്പത്തിക ബഹിഷ്കരണത്തിനുള്ള ആഹ്വാനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിദ്വേഷം വളർത്തുന്ന 84 പൊതുപ്രസംഗങ്ങൾ നടന്നതായി റിപ്പോർട്ടിൽ പറയുന്നു. സാമൂഹിക മാധ്യമങ്ങളിലെ പോസ്റ്റുകൾ, അക്രമത്തിനുള്ള ആഹ്വാനങ്ങൾ, ഹിന്ദുക്കളോട് ആയുധമെടുക്കാനോ മുസ് ലിംകളെ പുറത്താക്കാനോ ഉള്ള ആഹ്വാനങ്ങൾ തുടങ്ങിയവ ഇതിൽ പെടുന്നു.


39 ശാരീരിക ആക്രമണങ്ങൾ നടന്നതായും റിപ്പോർട്ടിൽ പറയുന്നു. ചണ്ഡിഗഢിലും ഹിമാചൽ പ്രദേശിലും കശ്മീരി സ്ത്രീകളെയും വിദ്യാർഥികളെയും ആക്രമിച്ചു. ചില സന്ദർഭങ്ങളിൽ പോലീസ് നിഷ്ക്രിയരായിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരാഖണ്ഡിലെ മസൂറിയിൽ ബജ്‌റംഗ് ദൾ പ്രവർത്തകർ മുസ്‌ലിം കച്ചവടക്കാരെ ആക്രമിച്ചു. മുംബൈയിൽ ബിജെപി പ്രവർത്തകർ മുസ്‌ലിം വഴിയോരക്കച്ചവടക്കാരെ ആക്രമിച്ചു. ഭോപ്പാലിൽ ഒരു മുസ്‌ലിം ഹെഡ് കോൺസ്റ്റബിളിനെ ആക്രമിച്ചു. മഹാരാഷ്ട്രയിലെ സാന്താക്രൂസിൽ മുസ്‌ലിം സ്ത്രീകളെയും കുട്ടികളെയും ഭീഷണിപ്പെടുത്തുകയും മുദ്രാവാക്യം വിളിക്കാൻ നിർബന്ധിക്കുകയും ചെയ്തു. അലിഗഢിൽ ഒരു മുസ്‌ലിം കുട്ടിയെ പാകിസ്ഥാൻ പതാകയിൽ മൂത്രമൊഴിക്കാൻ നിർബന്ധിച്ചു.

മൂന്ന് കൊലപാതകങ്ങൾ നടന്നു. ഉത്തർപ്രദേശിലെ ആഗ്രയിൽ ക്ഷത്രിയ ഗൗ രക്ഷാദൾ അംഗങ്ങൾ ഒരു മുസ്‌ലിം യുവാവിനെ കൊലപ്പെടുത്തുകയും അയാളുടെ ബന്ധുവിന് പരിക്കേൽപ്പിക്കുകയും ചെയ്തു. കർണാടകയിലെ മംഗളൂരുവിൽ 'പാക് മുദ്രാവാക്യം' വിളിച്ചുവെന്നാരോപിച്ച് മലയാളിയായ മുസ്‌ലിം യുവാവിനെ ആൾക്കൂട്ടം തല്ലിക്കൊന്നു. ഝാർഖണ്ഡിലെ ബൊക്കാറോയിൽ ഫാസിസ്റ്റുകൾ ഒരു മുസ്‌ലിം യുവാവിനെ തല്ലിക്കൊന്നു.

നശീകരണവും സ്വത്ത് നാശവും നടത്തിയതിന്റെ 19 സംഭവങ്ങൾ റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. മുസ്‌ലിം ഉടമസ്ഥതയിലുള്ള ബിസിനസ്സുകൾ, താമസസ്ഥലങ്ങൾ, ആരാധനാലയങ്ങൾ, മത ചിഹ്നങ്ങൾ. എന്നിവയായിരുന്നു ലക്ഷ്യം. രാജസ്ഥാനിൽ ഒരു സംഘ്പരിവാർ എംഎൽഎയുടെ നേതൃത്വത്തിൽ മുസ്‌ലിംകളുടെ കടകൾ, ക്ലിനിക്കുകൾ, മദ്റസകൾ എന്നിവ തകർത്തു. ഉത്തരാഖണ്ഡിൽ പള്ളികൾ തകർത്തു. മധ്യപ്രദേശിലെ ഉജ്ജൈനിലെ മുസ്‌ലിംകളുടെ വീടുകൾക്ക് കല്ലെറിയുകയും തീയിടുകയും ചെയ്തു. ആന്ധ്രാപ്രദേശിലെ കറാച്ചി ബേക്കറി ആ 'പേരിന്റെ' പേരിൽ തകർത്തു!

കാശ്മീരിൽ, തീവ്രവാദികളെന്ന് സംശയിച്ചവരുടെയും സ്വന്തക്കാരുടെയും അയൽപക്കക്കാരുടെയും വീടുകൾ പൊളിച്ചുമാറ്റി. സുപ്രീം കോടതിയുടെ മാർഗനിർദേശങ്ങൾ കാറ്റിൽ പറത്തപ്പെട്ടു. റിപ്പോർട്ടിൽ ഇനിയും ഒട്ടേറെ കാര്യങ്ങൾ പറയുന്നുണ്ട്. എല്ലായിടത്തുമുള്ള ഭീകരവാദികൾ പരസ്പരം ഭായി-ഭായികളാണ്, അവർ തമ്മിലുള്ള അന്തർധാര സജീവമാണ് എന്നൊക്കെയുള്ള ആരോപണങ്ങളെ അങ്ങനെയങ്ങ് നിഷേധിക്കാൻ കഴിയുമോ?

ശമീർ മദീനി
: 9048 221 212



### പിശാചിന്റെ ചതിക്കുഴികൾ 05

# ബിദ്അത്തിന്റെ കക്ഷികൾ

നബി(സ്വ)യും സ്വഹാബത്തും നിലകൊണ്ട മാർഗത്തിൽനിന്ന് വ്യതിചലിച്ച് പലതരത്തിലുള്ള ആശയങ്ങളും ചിന്താഗതികളും സമൂഹത്തിൽ കൊണ്ടുവരാൻ പിശാച് പരിശ്രമിക്കും. ബിദ്അത്തിന്റെ ആളുകൾ പിശാചിന്റെ ഇത്തരം ചതിക്കുഴിയിലും പിടുത്തത്തിലുമാണ് എന്ന കാര്യം നാം മറക്കരുത്. വ്യത്യസ്തങ്ങളായ കോലങ്ങളിൽ പിശാച് അവരിലേക്ക് പല ദുർബോധനങ്ങളും നൽകി അവരെ പാട്ടിലാക്കുകയും നേരായ പാതയിൽനിന്ന് അവരെയും അവർ മുഖേന മറ്റു പലരെയും വ്യതിചലിപ്പിച്ച് കൊണ്ടുപോകാൻ പിശാച് ബോധപൂർവം ശ്രമിക്കും. ചരിത്രത്തിൽ അതിന് ധാരാളം ഉദാഹരണങ്ങൾ കാണാനാകും.

നബി(സ്വ) പഠിപ്പിക്കുന്നത് അല്ലാഹുവിൽനിന്നുള്ള വഹ്‌യിന്റെ (ദിവ്യസന്ദേശങ്ങളുടെ) ആശയങ്ങളാണ്. “അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു” (ക്വുർആൻ 53:3,4).

എന്നാൽ ബിദ്അത്തിന്റെ ആളുകൾ പിൻപറ്റുന്നത് പിശാചിന്റെ ദുർബോധനങ്ങളെയാണ്. പല നൂതന ചിന്തകളും ആശയങ്ങളും പിശാച് അവരിലേക്ക് ഇട്ടുകൊടുക്കുകയും അത് ഭംഗിയാക്കി തോന്നിപ്പിക്കുകയും ചെയ്യും. അങ്ങനെ സമൂഹത്തിൽ ഛിദ്രതയും വിഭാഗീയതകളും സൃഷ്ടിക്കുവാൻ അതിലൂടെ അവന് സാധിക്കും.

പ്രമാണങ്ങളുടെ കൃത്യമായ അധ്യാപനങ്ങൾ പിൻപറ്റുമ്പോൾ ഐക്യവും സാഹോദര്യവും സംജാതമാകുമെങ്കിൽ അത് കൈയൊഴിച്ചുകൊണ്ടുള്ള പ്രയാണം അനൈക്യവും ശത്രുതയുമാണ് സൃഷ്ടിക്കുക.

വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അധ്യാപനങ്ങൾക്ക് കീഴൊതുങ്ങാതെ തങ്ങളുടെതായ യുക്തിചിന്തകളുടെ പിന്നാലെ പോകുന്ന പ്രവണതയാണ് ഏതുകാലത്തെയും ബിദ്അത്തിന്റെ ആളുകളിൽ കാണുന്ന ഒരു പൊതുസ്വഭാവം. അപ്രകാരംതന്നെ പ്രമാണങ്ങളെ വ്യാഖ്യാനിക്കുന്നതിൽ സ്വഹാബത്തിന്റെയോ സച്ചരിതരായ മറ്റു മുൻഗാമികളുടെയോ മാതൃകകളെ പരിഗണിക്കാതെ സ്വന്തമായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും അവതരിപ്പിക്കുന്നു എന്നതും അവരിൽ പൊതുവിൽ കാണുന്ന ഒരു രീതിയാണ്.

വിവിധ കക്ഷികളും കക്ഷിത്വങ്ങളും വരുന്നത് അങ്ങനെയാണ്. അതിനാൽ അത്തരം മാർഗങ്ങൾ ഉപേക്ഷിച്ച് നേരായ പാത പിൻപറ്റുവാൻ ക്വുർആൻ നമ്മെ ഉൽബോധിപ്പിക്കുന്നു:

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (6:153).

ഇത്തരം വിഭാഗീയതകളും ഭിന്നതകളും കാണപ്പെടുമ്പോൾ അതിൽനിന്നുള്ള രക്ഷാമാർഗമായി നബി (സ്വ) പഠിപ്പിച്ചത് ‘ഞാനും എന്റെ സ്വഹാബത്തും നിലകൊണ്ട മാർഗം പിൻപറ്റുക’ എന്നതാണ്.

എന്നാൽ കൃത്യമായ ആ പ്രവാചകാധ്യാപനങ്ങളെ പിൻപറ്റുന്നതിൽ വീഴ്ച വരുത്തിയ പലരും പിന്നീട് പല വിഭാഗങ്ങളായി വേർതിരിഞ്ഞു എന്നത് ചരിത്രത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്ന ഒരു വസ്തുതയാണ്. വ്യത്യസ്ത പേരുകളിൽ അവർ പിന്നീട് അറിയപ്പെടുകയും ചെയ്തു. അത്തരം കക്ഷികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:

**1. ഖവാരിജിയ്യഃ**

ഇസ്‌ലാമിക സമൂഹത്തിൽ ആദ്യമായി രൂപപ്പെട്ട ബിദ്ഈ കക്ഷിയാണ് ഖവാരിജുകൾ. ഹിജ്‌റ 37ൽ കൂഫയിലെ ‘ഹറൂറാഅ്’ എന്ന പ്രദേശത്ത് ഒരുമിച്ചുകൂടിയ ഒരു വിഭാഗമായതിനാൽ ഹറൂറിയാക്കൾ എന്ന പേരിലും ഇവർ അറിയപ്പെടുന്നുണ്ട്. അന്നത്തെ ഭരണാധികാരിയായിരുന്ന അലിയ്യുബ്നു അബീത്വാലിബി(റ)നെതിരിൽ പൊട്ടിപ്പുറപ്പെട്ട വിപ്ലവകാരികൾ എന്ന നിലയിലാണ് ‘ഖവാരിജുകൾ’ അഥവാ ‘പൊട്ടിപ്പുറപ്പെടുന്നവർ’ എന്ന പേര് ഇവർക്ക് കിട്ടിയത്.

അബ്ദുല്ലാഹിബ്നു ദുൽഖുവൈസ്വിറതുത്തമീമി, അബ്ദുല്ലാഹിബ്ൻ വഹബ് അർറാസിബീ എന്നിവരാണ് ഇതിന്റെ തുടക്കക്കാരായി അറിയപ്പെടുന്നത്. മതപ്രമാണങ്ങളെ വിട്ടുള്ള അതിവാദങ്ങളും തങ്ങളുടെതല്ലാത്ത ചേരിയിലുള്ളവരെ അവിശ്വാസികൾ എന്ന മുദ്രകുത്തലും (തക്ഫീർ) ഭരണനേതൃത്വത്തിനെതിരിൽ പൊട്ടിപ്പുറപ്പെടുന്ന വിപ്ലവ പ്രവർത്തനങ്ങളും ഒക്കെയാണ് ഇവരുടെ പ്രധാന പ്രത്യേകതകൾ.

**2. ക്വദ്‌രിയ്യഃ**

അല്ലാഹുവിന്റെ വിധിയെയും തീരുമാനങ്ങളെയും ചോദ്യം ചെയ്യുന്ന അഥവാ

അതിനെ നിഷേധിക്കുന്ന ഒരു വിഭാഗമാണ് ഇക്കൂട്ടർ. ഹിജ്റ 64ന് ശേഷം ഉദയം ചെയ്ത ഈ വിഭാഗത്തിന്റെ ആദ്യകാല നേതാക്കളായി അറിയപ്പെടുന്നത് മഅ്ബദുൽ ജുഹനി, ഗയലാനുദ്ദിമശ്ഖി തുടങ്ങിയവരാണ്.

ഇതിന്റെ മറുവിഭാഗമെന്ന പോലെ രംഗപ്രവേശം ചെയ്ത മറ്റൊരു ബിദ്ഈ കക്ഷിയാണ് ജബ്രിയ്യാക്കൾ. ജബ്ർ എന്നാൽ നിർബന്ധിക്കുക എന്നാണർഥം. വിധി വിശ്വാസത്തിൽ അതിരുകവിഞ്ഞു മനുഷ്യർക്ക് അല്ലാഹു നൽകിയിട്ടുള്ള സ്വാതന്ത്രത്തെ നിഷേധിക്കുകയും മനുഷ്യർ കാറ്റിൽ തൂക്കപ്പെട്ട തുവൽ പോലെ പ്രവർത്തന സ്വാതന്ത്ര്യവും ഇഛാശേഷിയുമില്ലാത്ത നിർബന്ധിതാവസ്ഥയിലാണുള്ളതെന്നും ഇവർ വാദിക്കുന്നു. ഇതാണ് അവരുടെ ആ പേരിന് കാരണം.

**3. ജഹ്മിയ്യഃ**

അല്ലാഹുവിനെ കുറിച്ച് പരിചയപ്പെടുത്തിക്കൊണ്ട് വിശുദ്ധ ഖുർആനിലൂടെയും പ്രവാചക അധ്യാപനങ്ങളിലൂടെയും അല്ലാഹുവിന്റെ നിരവധി വിശേഷണങ്ങളും നാമങ്ങളും വന്നിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വിശേഷണങ്ങളെ നിഷേധിക്കുക എന്നതാണ് ഇവരുടെ ഏറ്റവും പ്രധാന ആശയം.

അമവി ഖിലാഫത്തിന്റെ അവസാനത്തിലാണ് ഇവർ ഉദയം ചെയ്തത്. ജഅ്ദ്ബ്നു ദിർഹം, ജഹ്മ് ബ്നു സ്വഫ്വാൻ തുടങ്ങിയവരാണ് ഇവരുടെ ആദ്യകാല നേതാക്കൾ. ജഹ്മിലേക്ക് ചേർത്തിട്ടാണ് ജഹ്മിയ്യ എന്ന പേര് വന്നത്.

**4. മുർജിഅഃ**

ഈമാൻ എന്നതിൽ കർമങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നും വിശ്വാസകാര്യങ്ങൾ മനസ്സുകൊണ്ട് അറിഞ്ഞ് അംഗീകരിച്ചാൽ മാത്രം മതിയെന്നും ഇവർ വാദിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള അറിവ് കൈവരിച്ചതിനുശേഷം ഒരാൾ എത്രതന്നെ പാപിയായാലും ദോഷം ചെയ്തവനായാലും അതൊന്നും അയാൾക്ക് യാതൊരുവിധ ദോഷവും വരുത്തുകയില്ല എന്നതാണ് ഇവർ പഠിപ്പിക്കുന്നത്. ഹിജ്റ 64നും 73നും ഇടയിലാണ് ഇവരുടെ ഉത്ഭവം. ഹസനുബ്നു മുഹമ്മദ് ബിൻ അലി എന്നയാളാണ് സ്ഥാപക നേതാവ്.

**5. റാഫിദിയ്യഃ**

ഇവരാണ് ശീഇകൾ എന്ന പേരിൽ അറിയപ്പെടുന്നത്. വ്യക്തികളോടുള്ള സ്നേഹ ബഹുമാനങ്ങളുടെ പേരിൽ അതിരുകവിയലാണ് ഇവരുടെ ഒരുപ്രത്യേകത. അലി(റ) അടക്കമുള്ള നബികുടുംബത്തിലെ പലരെയും ഇവർ ദൈവതുല്യരായി കാണുന്നു. അവരുടെ ഖബ്റിടങ്ങൾ കെട്ടിയുയർത്തുകയും അവരോട് പ്രാർഥിക്കുകയും അവിടെ ആഘോഷങ്ങളും ആരാധനകളുമെല്ലാം നടത്തുകയും ചെയ്യുന്നു. ഹിജ്റ 37ൽ കൂഫയിൽനിന്നാണ് ഇവരുടെ തുടക്കം. അബ്ദുല്ലാഹിബ്നു സബഅ് എന്ന ജൂതനാണ് ഇതിന്റെ ശിൽപി. ഇസ്‌ലാം സ്വീകരിച്ചു എന്ന വ്യാജേന കടന്നുവന്ന് ഇസ്‌ലാമിനെ തകർക്കുക എന്ന ലക്ഷ്യത്തോടെ തന്റെ പിഴച്ച വാദങ്ങൾ അവതരിപ്പിക്കുകയായിരുന്നു ഇയാൾ ചെയ്തത്.

**6. മുഅ്തസിലഃ**

ഹിജ്റ 105ൽ ഇറാഖിലെ ബസ്റയിൽ ആയിരുന്നു ഇവരുടെ ആവിർഭാവം. വാസിലുബ്നു അത്വാഅ് എന്നയാളാണ് ഇതിന്റെ തുടക്കക്കാരൻ. പ്രമാണങ്ങളെ വിട്ടുകൊണ്ടുള്ള യുക്തിവാദത്തിന്റെ ആശയങ്ങളാണ് ഇവർ അവതരിപ്പിക്കുന്നത്. സ്വഹീഹായ ഹദീസുകളിലൂടെ സ്ഥിരപ്പെട്ടു വന്ന പല സംഗതികളെയും ഇത്തരം യുക്തിവാദങ്ങളിലൂടെ ഇവർ നിഷേധിച്ചിട്ടുണ്ട്.

ഈ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ പേരുകളിൽ ഇവർ നിലനിൽക്കുന്നില്ലെങ്കിലും അവരുടെ ആശയങ്ങൾ പലരിലേക്കും പ്രചരിച്ച് ഇന്നും അത് വിവിധ കോലങ്ങളിൽ നിലനിൽക്കുന്നു എന്നത് സൂക്ഷ്മ പരിശോധന നടത്തുന്ന ആർക്കും ബോധ്യമാകുന്ന സംഗതിയാണ്. അതിനാൽ അത്തരം ചതിക്കുഴികളിൽ പെടാതിരിക്കാൻ കൃത്യമായ പ്രവാചക അധ്യാപനങ്ങൾ പഠിക്കുവാനും പിൻപറ്റുവാനും നാം ശ്രമിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ! ■

ഉസ്മാൻ പാലക്കാഴി
: 9656 292 244



# ജീവിതത്തെക്കുറിച്ചുള്ള അന്വേഷണം

‘മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ...’ (ക്വുർആൻ 4:1).

ഭൂമിയിൽ കരയിലും വെള്ളത്തിലുമായി വ്യത്യസ്ത രൂപത്തിലും പ്രകൃതത്തിലുമുള്ള കോടിക്കണക്കിനു സൂക്ഷ്മ, സ്ഥൂല ജീവിവർഗങ്ങളുണ്ട്. അവയിൽ ഏറെ സവിശേഷതകളുള്ള ഒന്നാണ് മനുഷ്യവർഗം. ക്വുർആൻ പഠിപ്പിക്കുന്നത് ആദം(അ) എന്ന മനുഷ്യനാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്നും പിന്നീട് അദ്ദേഹത്തിന് ഇണയെ സൃഷ്ടിച്ചു, അങ്ങനെ ലോകത്ത് മനുഷ്യവർഗം പെരുകി എന്നുമാണ്.

മനുഷ്യനെ പോലെ വിശേഷബുദ്ധിയും ചിന്താശേഷിയുമുള്ള, പഠിക്കുവാനും മനസ്സിലാക്കുവാനും കണ്ടെത്തലുകൾ നടത്തുവാനും അതുവഴി പുരോഗതി പ്രാപിക്കുവാനും കഴിയുന്ന മറ്റൊരു സൃഷ്ടിയും ലോകത്തിലില്ല. എന്നാൽ അവൻ ജനിക്കുന്ന സമയ

> ഉണ്ടും ഉറങ്ങിയും ഉന്മാദിച്ചും ജീവിച്ചു തീർക്കേണ്ട വനല്ല മനുഷ്യൻ. കാരണം, നിയതമായ ലക്ഷ്യങ്ങ ളോടെയാണ് അവനെ സ്രഷ്ടാവ് സൃഷ്ടിച്ചിട്ടുള്ളത്. എവിടെനിന്ന് വന്നു? എവിടേക്ക് മടങ്ങുന്നു? ഇടയിലുള്ള ജീവിതത്തിന്റെ അർഥമെന്ത്? ഇത്തരം അന്വേഷണങ്ങളിൽ നിന്ന് മനുഷ്യന് ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്താം.

ത്ത് ഏറെ ദുർബലനും ഒന്നും അറിയാത്തവനുമാണ്. പിന്നീട് ക്രമപ്രവൃദ്ധമായാണ് അവനിൽ കഴിവുകൾ വളർന്നുവരുന്നത്:

"നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്നും നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചയും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി" (ക്വുർആൻ 16:78).

അല്ലാഹു ശ്രേഷ്ഠത നൽകുകയും ആദരിക്കുകയും ജീവിയാണ് മനുഷ്യൻ: "തീർച്ചയായും ആദംസന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

**മരണത്തോടെ ജീവിതം അവസാനിക്കുന്നുവോ?**

ഒരു മനുഷ്യൻ ജനിച്ചുവളർന്ന് ജീവിച്ച് മരിക്കുന്നതുവരെയുള്ള ഘട്ടത്തെയാണ് സാധാരണയായി ജീവിതം എന്ന് പറയുന്നത്. മരണത്തോടെ ജീവിതം അവസാനിക്കുന്നു എന്നത് ഒരു സാമാന്യ സങ്കൽപമാണ്. മരണം നശ്വര ജീവിതത്തിൽനിന്ന് അനശ്വര ജീവിതത്തിലേക്കുള്ള പ്രവേശനമാണ് എന്നും മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല, പരലോകം എന്ന കർമഫലം അനുഭവിക്കാനുള്ള വേദി വരാനിരിക്കുന്നു എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ചില മതങ്ങൾ ഈ വിഷയത്തിൽ അവ്യക്തങ്ങളായ ചിന്താഗതികളുടെ നൂലാമാലകളിൽ മനുഷ്യനെ ബന്ധിച്ചിടുന്നു. ഭൗതികവാദമാകട്ടെ ഇതിനെ പാടെ നിരാകരിക്കുന്നു.

ജീവിതം ഇഹലോകത്തായാലും പരലോകത്തായാലും സുഖകരമാക്കുവാനാണ് ഓരോ മനുഷ്യനും ആഗ്രഹിക്കുന്നത്. ഏതെങ്കിലും മനുഷ്യർ ജീവിതത്തെ ദുഃഖമയമാക്കാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യൻ അനുഭവിക്കുന്ന ഈ ജീവിതം മാത്രമാണ് യാഥാർഥ്യം, വരാനുള്ള ജീവിതം സങ്കൽപം മാത്രമാണ് എന്ന് ചിന്തിക്കുന്ന മനുഷ്യർ ഇവിടുത്തെ ജീവിതം പരമാവധി സുഖപ്രദമാക്കുവാൻ പരിശ്രമിക്കുകയും സുഖത്തിന്റെ കാര്യത്തിൽ നിയന്ത്രണങ്ങളും നിയമങ്ങളും വകവെക്കാതെ നീങ്ങുകയും ചെയ്യുന്നു. അവർക്ക് മുന്നിലെ യാഥാർഥ്യം ഈ ജീവിതം മാത്രമാണ്. വരാൻപോകുന്ന വലിയൊരു ജീവിതത്തിന്റെ യാഥാർഥ്യം ഉൾക്കൊള്ളുവാൻ അവരുടെ ബുദ്ധിയും വിവേകവും വികാസം പ്രാപിക്കുന്നില്ല എന്നതാണ് പ്രശ്നം.

ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു മാർഗദർശനം മനുഷ്യരാശിക്ക് ആവശ്യമാണ്. മനുഷ്യന്റെ അവിർഭാവം, വളർച്ച, പരിണാമം, മടക്കയാത്ര, ശേഷം എന്ത് എന്നിങ്ങനെയുള്ള, മനുഷ്യൻ ആദിമകാലം മുതൽക്ക് പിന്തുടർന്നുവന്നിട്ടുള്ള സന്ദേഹങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതായിരിക്കണം ആ മാർഗദർശനം. അത്തരമൊരു മാർഗദർശനം എവിടെനിന്ന്, എങ്ങനെ മനുഷ്യന് ലഭിക്കും എന്നത് ഒരു വലിയ ചോദ്യമാണ്. ചിലർ ഈ ചോദ്യത്തിന് സ്വന്തമായി ഉത്തരം കണ്ടെത്തി. അങ്ങനെ അവർ ജീവിതത്തിന് സ്വന്തമായ അർഥങ്ങൾ കണ്ടെത്തുകയും സ്വന്തം ജീവിതപാത സ്വയം നിർണയിച്ചുകൊണ്ട് മുന്നോട്ടുപോയി. എന്നാൽ മനുഷ്യബുദ്ധിയിൽ ഉദിച്ച ഉത്തരങ്ങൾക്കെല്ലാം അവയുടെതായ പരിമിതികൾ ഉണ്ടാ

യിരുന്നു. ജീവിതത്തെക്കുറിച്ച് മനുഷ്യൻ സ്വയം കണ്ടെത്തുന്ന എല്ലാ ഉത്തരങ്ങളും അർഥങ്ങളും ഇടയ്ക്കുവെച്ച് ശിഥിലായിപ്പോവുകയും മറ്റുചിലപ്പോൾ ഉദ്ദേശിക്കാത്ത തകർച്ചകളിൽ മനുഷ്യനെ കൊണ്ടെത്തിക്കുകയും ചെയ്തു. മനുഷ്യനിർമിതങ്ങളായ ജീവിത മാർഗദർശന പദ്ധതികളിലൂടെ മുന്നോട്ട് നീങ്ങിയവയെല്ലാം ചെന്നെത്തിയത് അനിശ്ചിതത്വങ്ങളുടെ വലിയ ശൂന്യതകളിലാണ് എന്നത് ചരിത്രം മാനവതയ പഠിപ്പിച്ച വലിയൊരു പാഠമാണ്. മനുഷ്യന്റെ മാർഗം അവൻ തന്നെ തെരഞ്ഞെടുക്കുക അഥവാ ആവിഷ്ക്കരിക്കുക എന്നതിന്റെ പ്രായോഗികതയെ നിഷേധിക്കുന്ന യുക്തികൾ നിരവധിയാണ്. ആ യുക്തികൾക്കുമുന്നിൽ മനുഷ്യനിർമിത ജീവിതനിർവചനങ്ങൾ തകർന്നുപോകുന്നു!

മനുഷ്യൻ എന്നും എവിടെയും എക്കാലവും തന്നെക്കുറിച്ചുതന്നെയുള്ള ഒട്ടേറെ സംശയങ്ങളുടെ തടവറയിലായിരിക്കും. സ്ഥലം, കാലം, സമയം, സംഭവങ്ങൾ എന്നിവയുടെ ബന്ധനത്തിൽനിന്ന് മനുഷ്യജീവിക്ക് മുക്തിയില്ല. മനുഷ്യന്റെ മനസ്സ് അവനെ നിരന്തരം ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയാണ്. സാഹചര്യം, കാലം, സമയം, സന്ദർഭം, സ്ഥലങ്ങൾ എന്നിവയുടെ പരിമിതിയിൽ നിൽക്കുകയും മനസ്സിന്റെ ഉപകരണമായിത്തീരുകയും ചെയ്യുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനെ സംബന്ധിച്ചുതന്നെ പൂർണമായ ഒരു നിർണയം സാധ്യമല്ല.

**നാളെ എന്ത്?**

അടുത്തനിമിഷം എന്ത് സംഭവിക്കുമെന്ന് ഉറപ്പില്ലാത്ത

> മനുഷ്യനിർമിതങ്ങളായ ജീവിത മാർഗദർശന പദ്ധതികളിലൂടെ മുന്നോട്ട് നീങ്ങിയവയെല്ലാം ചെന്നെത്തിയത് അനിശ്ചിതത്വങ്ങളുടെ വലിയ ശൂന്യതകളിലാണ് എന്നത് ചരിത്രം മാനവതയ പഠിപ്പിച്ച വലിയൊരു പാഠമാണ്. മനുഷ്യന്റെ മാർഗം അവൻ തന്നെ തെരഞ്ഞെടുക്കുക അഥവാ ആവിഷ്ക്കരിക്കുക എന്നതിന്റെ പ്രായോഗികതയെ നിഷേധിക്കുന്ന യുക്തികൾ നിരവധിയാണ്.

മനുഷ്യൻ തന്റെ ബുദ്ധിയുടെ അടിസ്ഥാനത്തിൽ തന്നെക്കുറിച്ചുള്ള ഒരു മാർഗദർശനം ആവിഷ്കരിക്കുമ്പോൾ അത് എത്രയുംവേഗം ശിഥിലീകരിക്കപ്പെട്ടുപോയെന്ന് വരാം. സ്ഥലകാലങ്ങളിൽ വർത്തിക്കുക എന്നതിൽകവിഞ്ഞ് സ്ഥലകാലങ്ങളുടെ നിയന്ത്രണം കൈവശമില്ലാത്ത മനുഷ്യൻ ആവിഷ്കരിക്കുന്ന ആശയങ്ങൾ; അതേതുമാവട്ടെ അവ വിജയിക്കുവാൻ സാധ്യതയില്ല. എന്നാൽ മനുഷ്യൻ നേടിയ വിജയങ്ങളെല്ലാം കാര്യകാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപരിപ്ലവ വിജയങ്ങളും ആപേക്ഷികങ്ങളുമാണ്. ഇന്നും ഏത് ശാസ്ത്രമേഖലയിലെയും അവസ്ഥ അതുതന്നെയാണ്. ശാസ്ത്രമേഖലയിൽ മാത്രമല്ല, ജീവിതത്തിലെ ഓരോ അംശത്തിലും. വിഭവസമൃദ്ധമായ ഒരു വിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന മനുഷ്യന് അത് തൃപ്തികരമായി പൂർത്തിയാക്കാൻ, അതിൽനിന്ന് സന്തോഷത്തോടെ പിരിയാൻ സാധിക്കുമെന്ന് യാതൊരുറപ്പുമില്ല. ചുണ്ടോടടുപ്പിച്ച ചഷകം വീണു തകർന്നുപോകുന്ന കാൽപനിക ഭാവനയ്ക്ക് വ്യക്തമായ അനുഭവങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ദാർശനിക സമ്പന്നതയുണ്ട്. ജീവിതമാകുന്ന ചഷകം ഏതുനിമിഷവും വീണ് തകർന്നുപോയേക്കാം. കാരണം അത് മനുഷ്യന്റെ നിയന്ത്രണത്തിലുള്ളതല്ല.

മനുഷ്യമാർഗദർശനത്തിന്റെ അടിത്തറ മനുഷ്യചിന്തയോ ബുദ്ധിയോ അനുഭവങ്ങളോ ആകാവുന്നതല്ല. മനുഷ്യാതീതമായ ഒരു കേന്ദ്രത്തിൽനിന്ന് മനുഷ്യൻ അവന്റെ മാർഗദർശനം കണ്ടെത്തുക എന്നതാണ് സ്വാഭാവികമായും ആവശ്യമായിവരുന്നത്. തന്നെ അടുത്തനിമിഷത്തിലേക്ക് നയിക്കാനുള്ള യഥാർഥ ശേഷി ഉടമയാക്കിയ ഒരു ശക്തിയിലായിരിക്കം മനുഷ്യൻ ആശ്രയം കണ്ടെത്തേണ്ടത്. ആ ശക്തി പ്രപഞ്ചസ്രഷ്ടാവല്ലാതെ മറ്റാരുമല്ല.

**മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളുടെ ന്യൂനതകൾ**

'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും'-ഈ ആശയമുള്ള വരികൾ പല കവികളും പല കാലങ്ങളിലായി പറഞ്ഞിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ ദുരന്തമുഖങ്ങളിൽ ആശ്രയവും അഭയവുമായി വർത്തിക്കുന്ന പ്രത്യയശാസ്ത്രമാണ് മനുഷ്യന്നാവശ്യം എന്ന ആശയം ധ്വനിപ്പിക്കുന്ന വരികളാണിവ. എന്നാൽ ഏതൊരു പ്രത്യയശാസ്ത്രത്തിനാണ് മനുഷ്യനെ യഥാർഥ രീതിയിൽ സ്നേഹിക്കാനും സമാശ്വസിപ്പിക്കാനും കഴിയുക? മനുഷ്യധിഷണയുടെ സംഭാവനകളും മനുഷ്യകർമത്തിന്റെ അംശങ്ങളും കലർന്നിട്ടുള്ള പ്രത്യയശാസ്ത്രങ്ങളും ചിന്തകളും അവയുടെ പുതുമോടിക്കുശേഷം നിറംമങ്ങിയും കെട്ടടങ്ങിയും കാലത്തിന്റെ വിസ്മൃതിയിൽ അലിഞ്ഞലിഞ്ഞ് ഇല്ലാതെയാകുന്നു. മനുഷ്യസ്നേഹത്തിന്റെയും മനുഷ്യസാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും തത്ത്വശാസ്ത്ര വാക്യങ്ങൾ ഉരുവിട്ട് കഴിഞ്ഞുപോയ നിരവധി പ്രത്യയശാസ്ത്രങ്ങൾ ചരിത്രത്തിൽ കാണാം. അവയുടെ ഘടനകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുക അവ മനുഷ്യന്റെ ഏതെങ്കിലും ചില പ്രത്യേക വിഷയങ്ങളെയോ മേഖലകളെയോ സ്പർശിക്കുന്നവ മാത്രമായിരിക്കും എന്നാണ്. സാമ്പത്തിക പ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, ബൗദ്ധികപ്രശ്നങ്ങൾ, വൈജ്ഞാനിക പ്രശ്നങ്ങൾ, ആവാസ പരിസരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിങ്ങനെ അവയുടെ പരിധികൾ ഹ്യസ്വങ്ങളായിരിക്കും. എന്നാൽ മനുഷ്യജീവിതത്തിൽ ആവിർഭവിക്കുന്ന പ്രശ്നങ്ങൾ എല്ലായ്പ്പോഴും ഒരേ സ്വഭാവമുള്ളവയായിരിക്കില്ല. ബഹുവിധ പ്രശ്നങ്ങളായിരിക്കും മനുഷ്യരാശിക്ക് നേരിടേണ്ടിവരുന്നത്. അവ സമഗ്രസ്വഭാവമുള്ളവയായിരിക്കില്ല.



മനുഷ്യനിലെ ദുഃഖങ്ങൾ പലപ്പോഴും പലവിധത്തിലായിരിക്കും. സമ്പത്ത് മാത്രമാണ് ദുഃഖത്തിന്റെ പ്രതിവിധി എന്ന് ചിന്തിക്കുന്ന വ്യവസ്ഥിതിക്ക് മനുഷ്യന്റെ ആത്മീയപ്രതിസന്ധി പരിഹരിക്കാനാവില്ല. സ്ഥിതിസമത്വമാണ് പരിഹാരമെന്ന് ചിന്തിക്കുമ്പോൾ വൈയക്തിക പ്രശ്നങ്ങൾ ബാക്കിയാവുന്നു. ഇങ്ങനെ മനുഷ്യൻ അവന്റെ പ്രശ്നങ്ങളെ കണ്ടെത്തുകയും അവയ്ക്ക് പരിഹാരം ആരായുകയും ചെയ്യുന്ന എല്ലാ വ്യവസ്ഥിതികളും സംവിധാനങ്ങളും അപൂർണങ്ങളായി തുടരുന്നു.

ഒരു പ്രത്യേക സ്ഥലം, കാലം, സമയം, സന്ദർഭം എന്നിവയുമായും ഒരു പ്രത്യേക അവസ്ഥയുമായും ബന്ധപ്പെട്ട പ്രശ്നപരിഹാര വൃത്തങ്ങൾക്ക് മനുഷ്യലെ എല്ലാ പ്രശ്നങ്ങളുടെയും സമഗ്രമായ പരിഹാരകേന്ദ്രമായി ഒരു തത്ത്വത്തെ, ഒരാശയത്തെ ചൂണ്ടിക്കാണിക്കാൻ കഴിയില്ല. ഈ ഏറ്റവും വലിയ പ്രതിസന്ധിയാണ് ലോകത്ത് എല്ലാ പ്രത്യയശാസ്ത്രങ്ങളുടെയും തകർച്ചയുടെ അടിസ്ഥാന കാരണം. മനുഷ്യന്റെ സ്ഥിതിഗതികളിൽ വരുന്ന മാറ്റം, അവന്റെ ആന്തരികവും ബാഹ്യവുമായ മേഖലകളിലെ ഏറ്റവ്യത്യാസങ്ങൾ എന്നിവയൊക്കെയും ഒരു പ്രത്യയശാസ്ത്രത്തിന്റെ കാര്യക്ഷമത നിർണയിക്കുന്നതിൽ പരിഗണി

ക്കേണ്ടിവരുന്ന ഘട്ടങ്ങളാണ്. അത്തരം ഘട്ടങ്ങളിലെല്ലാം ശിഥിലീകരിക്കപ്പെടാതെയും ഊർജനഷ്ടം സംഭവിക്കാതെയും നിലനിൽക്കുവാൻ കഴിയേണ്ടതുണ്ട്.

മാനവചരിത്രം മണ്ണടിഞ്ഞുപോയ പ്രത്യയശാസ്ത്രങ്ങളുടെ ഒരു ശവപ്പറമ്പ് കൂടിയാണ്. ചിലവയുടെ അസ്ഥികളും മറ്റും ഇന്നും കാണാം. ചിലവ വിസ്മൃതിയുടെ അഗാധതയിലേക്ക് ആഴ്ന്നിറങ്ങിപ്പോയിരിക്കുന്നു. ആവിർഭാവകാലത്ത് 'വസന്തത്തിന്റെ വരവറിയിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ' എന്ന് വാഴ്ത്തപ്പെട്ടവ പിന്നീട് മനുഷ്യചരിത്രത്തിലെ കൊടുംവേനലുകൾ സമ്മാനിച്ചുപോയിട്ടുണ്ട്. പുതിയ പ്രതീക്ഷകൾ നൽകി ആവിർഭവിച്ച ചിന്താധാരകൾ കാലത്തിന്റെ അനിർവചനീയങ്ങളായ ഗതിമാറ്റങ്ങളിൽ അടിപതറിവീണ് ചിതറിത്തെറിച്ചുപോയിട്ടുണ്ട്. വിപ്ലവത്തിന്റെ പടഹധ്വനി ഉയർത്തി കടന്നുവന്നവ വിലാപത്തിന്റെ നേർത്ത ശബ്ദങ്ങളായി കെട്ടടങ്ങിയിട്ടുണ്ട്. കൊടുങ്കാറ്റിന്റെ വേഗതയോടെ കടന്നുവന്നവ നേർത്ത ചലനംപോലും ശേഷിപ്പിക്കാതെ വിദൂരതയിൽ ലയിച്ചുപോയിട്ടുണ്ട്. വെള്ളിവെളിച്ചം പകർന്ന് കടന്നുവന്നവ തമസ്സിന്റെ മഹാഗർത്തങ്ങളിലേക്ക് വീണുപോയിട്ടുണ്ട്. അങ്ങനെ എതയെത്ര തകർച്ചകൾ!

### എന്താണ് മനുഷ്യൻ?

മനുഷ്യനെ നിർവചിക്കുവാൻ പല പ്രത്യയശാസ്ത്രങ്ങളും ചിന്തകരും പരിശ്രമിച്ചിട്ടുണ്ട്. ബുദ്ധി, ചിന്ത, വിവേകം, കർമം, യക്തി, സൃഷ്ടിപരത, ഭാവന, സൗന്ദര്യബോധം, ആത്മീയത, മാനുഷികത എന്നി˘യാദി വിവിധ വശങ്ങളെ അടിസ്ഥാനമാക്കിയാണ് മനുഷ്യനിർവചനങ്ങൾ ഉണ്ടാട്ടുള്ളത്. ചിന്തിക്കുന്ന മൃഗം, ചിരിക്കുന്ന ജീവി എന്നിങ്ങനെയുള്ളവയൊക്കെ അത്തരം നിർവചനങ്ങളിൽ ചിലത് മാത്രമാണ്. മനുഷ്യനെ അവന്റെ ബാഹ്യവും ആന്തരികവുമായ ഘടകങ്ങളും സ്വഭാവങ്ങളും പരിഗണിച്ച് നിർവചിക്കുകയും ആ നിർവചനം എക്കാലത്തേക്കും ബാധകമായിരിക്കുകയും ചെയ്യുന്ന അനുഭവം ഇത്തരം നിർവചന ശ്രമങ്ങളിൽനിന്ന് ഇതുവരെയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. എന്നാൽ മനുഷ്യനിൽ സ്വാഭാവികമായ ഒരു നിർവചനം അന്തർലീനമായികിടക്കുന്നുണ്ട്. സ്രഷ്ടാവിന്റെ സൃഷ്ടി, ഒരു മഹാശക്തിയുടെ ദാസൻ എന്നതാണാ നിർവചനത്തിന്റെ അടിസ്ഥാനതലം. ഇത് തിരിച്ചറിയുവാൻ കഴിയുക എന്നതാണ് മനുഷ്യന് അവനെ കണ്ടെത്തുവാനുള്ള ഏകമാർഗം. മനുഷ്യനിൽ അവനു തന്നെയും ദുർഗ്രഹങ്ങളായ നിരവധി ഘടകങ്ങളും അവസ്ഥകളും ഉൾച്ചേർന്നുകിടക്കുന്നതിനാൽ ഏ റ്റവും യുക്തിഭദ്രമായ നിർവചനം മേൽപറഞ്ഞതുതന്നെയാണ്. ഒരുകാലത്തും മാറ്റംവരാത്തതും ശാശ്വതമായ സത്യമായിരിക്കുന്നതും മനുഷ്യന്റെ ഏതവസ്ഥകളിലും പാകമായിട്ടുള്ളതുമായ വേറെ ഏതൊരു നിർവചനമാണുള്ളത്?


ചിന്തിക്കുന്ന മൃഗം ചിലപ്പോൾ ചിന്താശൂന്യനാകുന്നു. ചിരിക്കുന്ന മൃഗം ചിലപ്പോൾ നിലവിളിച്ച് കരയുന്നു. എന്നാൽ ഈ സ്ഥിതിയിലൊന്നും അവൻ സ്രഷ്ടാവിന്റെ സൃഷ്ടിയല്ലാതാകുന്നില്ല; അവന്റെ ദാസനല്ലാതാകുന്നില്ല. ഏതവസ്ഥയിലും ഉപകാരപ്പെടുന്ന ഒരു തത്ത്വശാസ്ത്രം ആ നിർവചനത്തിലുണ്ട്. ചിരിക്കാൻ കഴിയുമ്പോഴും കഴിയാത്തപ്പോഴും ചിന്തിക്കാൻ കഴിയുമ്പോഴും കഴിയാത്തപ്പോഴും ആശ്രയിക്കാൻ കഴിയുന്ന ഒരു അധീശശക്തി തനിക്ക് ആശ്രയമായുണ്ട് എന്ന പ്രത്യാശയാണ് ആ തത്ത്വശാസ്ത്രം.

> സ്രഷ്ടാവിന്റെ വിധിവിലക്കുകളും കൽപനകളും നിഷേധങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും പരിപാലിക്കുകയും അർഥവത്തായ ജീവിത വിനിയോഗത്തിന് പ്രാപ്തമാക്കുകയും പാഴായിപ്പോകുന്നതിൽനിന്ന് ജീവിതത്തെയും അതിലെ ഓരോ നിമിഷത്തെയും പ്രതിരോധിക്കുകയും ചെയ്യുന്നു. പരലോകവിശ്വാസം ഒരനിവാര്യഘടകമായി പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യജീവിതം അതിന്റെ ഭൗതികമായ ഹ്രസ്വതയ്ക്കപ്പുറം പാരത്രിക ലോകത്ത് അനന്തമായി നീണ്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുന്നു. സ്രഷ്ടാവിനു വഴിപ്പെട്ടു ജീവിച്ചവർക്ക് സ്വർഗവും അല്ലാത്തവർക്ക് നരകവും ലഭിക്കുന്ന ലോകം

**ജീവിതത്തെക്കുറിച്ചുള്ള അന്വേഷണം**

എന്താണ് ജീവിതം, എന്താണ് ജീവിതത്തിന്റെ അർഥവും ലക്ഷ്യവും, എവിടേക്കാണ് ജീവിതത്തിന്റെ ഗതിയും പ്രവാഹവും എന്നിത്യാദി കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ മനുഷ്യരാശിയുടെ ഇടയിൽ എക്കാലത്തും നടന്നിട്ടുണ്ട്. ഏതെങ്കിലുമൊരു ജീവിതദർശനത്തെ അടിസ്ഥാനമാക്കിയുള്ള ആരായലുകളും അന്വേഷണങ്ങളും എന്ന നിലയിൽ മാത്രമല്ല, പ്രത്യേകിച്ച് ഒരു ചട്ടക്കൂടിന്റെയും സഹായമില്ലാതെയും ജീവിതത്തെക്കുറിച്ചുള്ള മനുഷ്യന്റെ ചിന്തകളും അന്വേഷണങ്ങളും നടന്നുകൊണ്ടിരുന്നതായി കാണാം. മനുഷ്യൻ ഭൗതികജീവിതത്തിന്റെ വ്യാപൃതിയിലും വിധേയത്വത്തിലും ആഴ്ന്നിരിക്കവേതന്നെ അവന്റെയുള്ളിൽ ജീവിതത്തെക്കുറിച്ചുള്ള സന്ദേഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് അനുഭവം. തന്റെ ജീവിതം നീങ്ങുന്നത് ശരിയായ ദിശയിലാണ് എന്ന പരിശോധനയോടൊപ്പമാണ് ഇത്തരം സംശയങ്ങളും പുനരാലോചനകളും സംഭവിക്കുന്നതെങ്കിൽ അതുകൊണ്ട് ജീവിതത്തിൽ നേട്ടങ്ങളുണ്ടാകും. മറിച്ച് ഭൗതിക വിധേയത്വത്തിന്റെയും സുഖലോലുപതക്ക് മുൻതൂക്കം നൽകുന്ന ജീവിത ദർശനത്തിന്റെയും അടിമയായി നിന്നുകൊണ്ടുള്ള ഉപരിതലസ്പർശിയായ ആലോചനകളാണ് അവയെങ്കിൽ അവ നിഷ്ഫലമായിത്തീരുകയും ചെയ്യും.

നഗരവൽകൃതവും ആന്തരികവുമായ ജീവിതം അതിന്റെ ഉപരിതല സൗന്ദര്യത്തിനകത്ത് കനത്ത അസ്തിത്വ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണിന്ന്. രാപകലുകൾ വ്യത്യാസമില്ലാതെ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന നഗരജീവിതത്തിന്റെയും ആധുനിക ഉപഭോഗങ്ങളുടെയും തൃഷ്ണകൾ



കെട്ടടങ്ങുന്നില്ല. എന്നാൽ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് തിരിഞ്ഞുനോക്കാനുള്ള ചില പ്രേരണകളെങ്കിലും ആധുനിക മനുഷ്യന് അവന്റെ യാന്ത്രിക ജീവിതത്തിനിടയിൽ ഉണ്ടാകുന്നുണ്ട്. അവയാകട്ടെ വ്യർഥങ്ങളായ ആലോചനകളിൽ ഒടുങ്ങുകയും വ്യക്തമായ ആദർശങ്ങളുടെയോ ലക്ഷ്യങ്ങളുടെയോ ഫലം നൽകാനാവാതെ അവസാനിക്കുകയും ചെയ്യുന്നതായാണ് അനുഭവം. ഇത്തരം അന്വേഷണങ്ങളെ തോന്നലുകൾ എന്നുമാത്രമെ വിളിക്കാനാവൂ. അവ കൃത്യമായ ഫലങ്ങൾ ഉൽപാദിപ്പിക്കുന്നില്ല എന്നതുതന്നെ കാരണം.

**വിശുദ്ധ ഖുർആൻ**

ലോകത്ത് വിവിധ മതങ്ങളുണ്ട്. അവ അംഗീകരിക്കുന്ന വേദഗ്രന്ഥങ്ങളുമുണ്ട്. എന്നാൽ മനുഷ്യജീവിതത്തിന് വ്യക്തമായ ഒരു ഘടനയും പദ്ധതിയും ലക്ഷ്യാധിഷ്ഠിതമായ മാർഗവും നൽകുന്ന കാര്യത്തിൽ എത്ര വേദങ്ങൾ എന്തൊക്കെ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട് എന്ന് അന്വേഷിക്കുമ്പോൾ ലഭിക്കുന്നത് മനുഷ്യന് ഗുണങ്ങളായവ വളരെ പരിമിതമാണ് എന്നാണ്. മനുഷ്യകരങ്ങളുടെ ഇടപെടലുകൾ മൂലം ജീവിതത്തിന്റെ വൈവിധ്യാധിഷ്ഠിത മുഖങ്ങൾ ആവിഷ്കരിക്കുന്ന നിരവധി സാഹിത്യങ്ങൾപോലെത്തന്നെ ചില വേദങ്ങളും അവയുടെ അവ്യക്തങ്ങളായ ആശയാവിഷ്കാരങ്ങൾ കൊണ്ട് മാനവരാശിയെ ലക്ഷ്യബോധമില്ലായ്മയിൽ അകപ്പെടുത്തിയതായി കാണാം. എന്നാൽ ഖുർആൻ ജീവിതത്തെ വളരെ ഗൗരവപൂർവം പരിഗണിക്കുകയും ജീവിതത്തിന് വ്യക്തമായ ലക്ഷ്യം ചൂണ്ടിക്കാണിക്കുകയും

ആ ലക്ഷ്യത്തിലേക്കുള്ള ഋജുവായ മാർഗം ഏതെന്ന് സംശയാതീതമായി വെളിപ്പെടുത്തുകയും ചെയ്യുന്നു.

"തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവർക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)"(ഖുർആൻ 17:9,10).

**ഇസ്‌ലാമിന്റെ മാർഗദർശനം**

ഇസ്‌ലാം എല്ലാ അർഥത്തിലും ജീവിതലക്ഷ്യം പകർന്നുനൽകുന്നു. ഏകനായ സ്രഷ്ടാവിലുള്ള വിശ്വാസമാണ് അതിന്റെ ആദ്യപടി. ഇസ്‌ലാം വിശ്വാസത്തെ സവിശേഷമായ ഒരു അറിവും അനുഭവവുമാക്കുന്നു. സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. അതിലൂടെയാണ് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം സഫലീകരുക്കുവാൻ സാധിക്കുക. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ.

"...എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (ഖുർആൻ 2:28).

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ഖുർആൻ 7:3).

ജീവിതം അതിന്റെ ദിശയിലും വിശ്വാസം അതിന്റെ ദിശയിലും നീങ്ങുകയും ജീവിതത്തെ സ്വാധീനിക്കുന്ന രൂപത്തിൽ വിശ്വാസം ഉപയോഗിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. വ്യക്തിയുടെ ജീവിതത്തിൽ സമൂലമായി  സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന ഘടകമായി വിശ്വാസം മാറേണ്ടതുണ്ട്. കർമങ്ങളിലേക്കുള്ള പ്രേരണകൾ വിശ്വാസത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ വിശ്വാസം കേവലം മാനസികമായ പ്രവൃത്തി മാത്രമായിത്തീരും. അതുകൊണ്ടാണ് 'വിശ്വസിച്ചവരും സൽകർമങ്ങൾ പ്രവർത്തിച്ചവരും' എന്ന്  വിശുദ്ധ ഖുർആൻ പലയിടങ്ങളിൽ പറഞ്ഞത്.

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (ഖുർആൻ 24:55).

> ഇസ്‌ലാം വിശ്വാസത്തെ സവിശേഷമായ ഒരു അറിവും അനുഭവവുമാക്കുന്നു. സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. അതിലൂടെയാണ് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം സഫലീകരുക്കുവാൻ സാധിക്കുക. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ.

സ്രഷ്ടാവിന്റെ വിധിവിലക്കുകളും കൽപനകളും നിഷേധങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും പരിപാലിക്കുകയും അർഥവത്തായ ജീവിത വിനിയോഗത്തിന് പ്രാപ്തമാക്കുകയും പാഴായിപ്പോകുന്നതിൽനിന്ന് ജീവിതത്തെയും അതിലെ ഓരോ നിമിഷത്തെയും പ്രതിരോധിക്കുകയും ചെയ്യുന്നു.  പരലോകവിശ്വാസം ഒരനിവാര്യഘടകമായി പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യജീവിതം അതിന്റെ ഭൗതികമായ ഹ്രസ്വതയ്ക്കപ്പുറം പാരത്രിക ലോകത്ത് അനന്തമായി നീണ്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുന്നു. സ്രഷ്ടാവിനു വഴിപ്പെട്ടു ജീവിച്ചവർക്ക് സ്വർഗവും അല്ലാത്തവർക്ക് നരകവും ലഭിക്കുന്ന ലോകം. ■

# പാഠ്യപദ്ധതിയിൽ ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം: വിസ്ഡം ഗേൾസ്

മലപ്പുറം: പെൺകുട്ടികൾക്കിടയിലെ ലഹരി വ്യാപനം തടയാൻ, സ്കൂളുകളിലും ക്യാമ്പസുകളിലും ലഹരി വിരുദ്ധ സ്ക്വാഡുകൾ കാര്യക്ഷമമാക്കുകയും വിദ്യാർഥികളിൽ ആർദ്രതയും സഹാനുഭൂതിയും വളർത്താൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുകയും വേണമെന്ന് വിസ്ഡം ഗേൾസ് സംസ്ഥാന സമിതി സംഘടിപ്പിച്ച 'വിഷൻ' അവധിക്കാല ക്യാമ്പ് അഭിപ്രായപ്പെട്ടു. വിദ്യാർഥികൾക്കിടയിൽ കുറ്റകൃത്യങ്ങളും അക്രമങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ, ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്ക്കരണമാണ് പരിഹാരമെന്നും സംഗമം കൂട്ടിച്ചേർത്തു.

കേരളത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽനിന്നുള്ളവർ പരസ്പരം പരിചയപ്പെടുകയും പുതിയ സുഹൃദ് വലയങ്ങൾ തീർക്കുകയും ചെയ്ത മനോഹരമായ കാഴ്ചയോടെ ആരംഭിച്ച ക്യാമ്പ് വ്യത്യസ്ത സെഷനുകളിലൂടെ ധാർമികതയുടെ വസന്തം തീർത്തു.

ഇസ്‌ലാമിന്റെ അടിത്തറയും ജീവനുമായ തൗഹീദിനെ കാലിക പ്രസക്തമായി വിശദീകരിച്ചുകൊണ്ടും, മാനവരിൽ മഹോന്നതനായ മുഹമ്മദ് നബി(സ്വ)യെ പരിചയപ്പെടുത്തിയും, പ്രവാചകവിമർശനങ്ങൾ ക്ക് കൃത്യമായ മറുപടി നൽകിയും, ധർമവും അധർമവും പകർന്നുനൽകുന്ന സോഷ്യൽ മീഡിയയെ നന്മയുടെ മാർഗത്തിൽ ഉപയോഗിക്കാനുള്ള പ്രായോഗികമായ നിർദേശങ്ങൾ നൽകിയും, ജീവിതലക്ഷ്യത്തെ കൃത്യമായി വിവരിച്ചുകൊണ്ടുമുള്ള പ്രഭാഷണങ്ങളിൽനിന്നും അറിവും തിരിച്ചറിവും നേടിയതിന്റെ സന്തോഷത്തിലായിരുന്നു ക്യാമ്പ് പ്രതിനിധികളുടെ മടക്കം.

ലിബറലിസത്തിന്റെ കാണാപ്പുറങ്ങളിലേക്ക് വെളിച്ചം വീശിയും ജീവിതത്തിലെ വലിയ സ്വപ്നമായ ജോലി കണ്ടെത്തുന്നതിനുള്ള വഴികൾ വരച്ചുകാണിച്ചും മാതാപിതാക്കളോടുള്ള ബന്ധം സുദൃഢമായി സൂക്ഷിക്കേണ്ടതിന്റെ മഹത്വവും പ്രാധാന്യവും മനസ്സകങ്ങളിൽ കോറിയിട്ടും അലയടിക്കുന്ന അധാർമികതയ്ക്ക് നടുവിൽ നന്മയുടെ നറുകിരണങ്ങൾ പരത്തുന്ന അഭിമാനബോധമുള്ള വിശ്വാസിനിയാക്കിയും കൗമാരത്തിന്റെ വഴിത്തിരിവിന് ഒരു ദിശാസൂചികയായി വിഷൻ സഹവാസ ക്യാമ്പ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പിഎൻ അബ്ദുല്ലത്വീഫ് മദനി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഗേൾസ് സംസ്ഥാന പ്രസിഡന്റ് എം. നുബ്‌ല അധ്യക്ഷത വഹിച്ചു. വിവിധ സെഷനുകൾക്ക് വിസ്ഡം വിമൺ സംസ്ഥാന ട്രഷറർ അസ്മാബി ടീച്ചർ, വിസ്ഡം ഗേൾസ് സംസ്ഥാന സെക്രട്ടറി വി.പി റെജുവ, ശിഫ ഹാരിസ്, നാഫിയ കെ, ഡോ.ഫിൽദ ടി.കെ, ഹംദ ഫാത്തിമ സിപി, ദിയാന പർവീൻ, ഷബീബ് സ്വലാഹി, മുഹമ്മദ് സ്വാദിഖ് മദീനി, കെ. താജുദ്ദീൻ സ്വലാഹി, ടി കെ നിഷാദ് സലഫി, ഹാരിസ് കായക്കൊടി, ഡോ.അബ്ദുല്ല ബാസിൽ സിപി, സഫ്‌വാൻ ബറാമി അൽഹികമി, അബ്ദുറഹ്മാൻ ചുങ്കത്തറ, അഷ്കർ ഇബ്രാഹിം ഒറ്റപ്പാലം, അംജദ് മദനി, ശഫീഖ് സ്വലാഹി, ബഷീർ മാസ്റ്റർ, ഡോ. മുബഷിർ, സഫീർ അൽഹികമി, മുനവ്വർ സ്വലാഹി, ഡോ. റസീല എന്നിവർ നേതൃത്വം നൽകി. രക്ഷിതാക്കൾക്കുള്ള പ്രത്യേക സെഷനിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സംസാരിച്ചു. ■



മെഹബൂബ് മദനി
: 77363 98840

# ഇസ്‌ലാമും ബലികർമവും

ഇസ്‌ലാം സൽകർമമായി പരിചയപ്പെടുത്തിയ കാര്യങ്ങളെല്ലാം കഴിവിന്റെ പരമാവധി ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയെന്നത് വിശ്വാസികളുടെ ബാധ്യതയാണ്. പുണ്യങ്ങൾ അധികരിപ്പിക്കുന്നതിലൂടെ നമുക്ക് നാഥനുമായി കൂടുതൽ അടുക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരുണത്തിൽ നമ്മുടെ ഈമാനിനെ ഊട്ടിയുറപ്പിക്കാൻ സഹായിക്കുന്ന ഏറെ ശ്രേഷ്ഠമായ സൽകർമമാണ് ബലി. മറ്റു കർമങ്ങളുടേതുപോലെത്തന്നെ സ്രഷ്ടാവിന്റെ പ്രീതി മാത്രമായിരിക്കണം ബലികർമത്തിൽ നിന്നും വിശ്വാസികൾ ലഭ്യമാക്കേണ്ടത്.

നമസ്കാരത്തിലെ പ്രാരംഭ പ്രാർഥനയിലൂടെ നാം പ്രഖ്യാപിക്കാൻ കൽപിക്കപ്പെട്ടതും അതുതന്നെയാണല്ലോ: "ആകാശഭൂമിയുടെ സ്രഷ്ടാവിലേക്ക് വിനയത്തോടെയും ഋജുമനസ്കനായിക്കൊണ്ടും ഞാനെന്റെ മുഖത്തെ തിരിച്ചുനിർത്തിയിരിക്കുന്നു. ഞാനൊരിക്കലും ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല. എന്റെ നമസ്കാരവും ബലികർമവും ജീവിതവും മരണവുമെല്ലാം ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിൽ പെട്ടവനാകുന്നു."

ഇന്ന് മുസ്‌ലിം സമൂഹത്തിൽ അല്ലാഹു അല്ലാത്തവരുടെ പ്രീതി കാംക്ഷിച്ചുകൊണ്ട് ധാരാളം മൃഗബലി നടക്കുന്നുവെന്നത് നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. ദർഗകളിലും ജാറങ്ങളിലും നടക്കുന്ന ഉറൂസുകളുടെയും നേർച്ചകളുടെയും മുഖ്യചടങ്ങ് അവിടെ ഉണ്ടെന്ന് പറയപ്പെടുന്ന വലിയ്യിന്റെ പേരിലുള്ള മൃഗബലിയാണ്. അതുപോലെ കെട്ടിട നിർമാണ വേളകളിലും വ്യാപാര സ്ഥാപനങ്ങളുടെ ഉദ്ഘാടന സമയങ്ങളിലും പല മഹാത്മാക്കളുടെയും പ്രീതിക്കുവേണ്ടി മൃഗബലി നടത്തപ്പെടുന്നു. ഇതെല്ലാം ഇസ്‌ലാമിൽ ഹറാമാണ്.

ഈ പ്രഖ്യാപനം നടത്തുന്ന വിശ്വാസികൾക്കൊരിക്കലും അല്ലാഹു അല്ലാത്തവരുടെ പ്രീതിക്ക് വേണ്ടി ബലിയോ നേർച്ചയോ നടത്തുവാൻ സാധിക്കുകയില്ല.

വിശുദ്ധ ക്വുർആനിലെ ഏറ്റവും ചെറിയ അധ്യായമായ 'അൽകൗഥറി'ലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്: "തീർച്ചയായും നിനക്ക് നാം ധാരാളമായി നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്‌കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)" (108:1-3).

ഇന്ന് മുസ്‌ലിം സമൂഹത്തിൽ അല്ലാഹു അല്ലാത്തവരുടെ പ്രീതി കാംക്ഷിച്ചുകൊണ്ട് ധാരാളം മൃഗബലി നടക്കുന്നുവെന്നത് നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. ദർഗകളിലും ജാറങ്ങളിലും നടക്കുന്ന ഉറൂസുകളുടെയും നേർച്ചകളുടെയും മുഖ്യചടങ്ങ് അവിടെ ഉണ്ടെന്ന് പറയപ്പെടുന്ന വലിയ്യിന്റെ പേരിലുള്ള മൃഗബലിയാണ്. അതുപോലെ കെട്ടിട നിർമാണ വേളകളിലും വ്യാപാര സ്ഥാപനങ്ങളുടെ ഉദ്ഘാടന സമയങ്ങളിലും പല മഹാത്മാക്കളുടെയും പ്രീതിക്കുവേണ്ടി മൃഗബലി നടത്തപ്പെടുന്നു. ഇതെല്ലാം ഇസ്‌ലാമിൽ ഹറാമാണ്. അല്ലാഹു അല്ലാത്തവരുടെ പേരിലും പ്രീതിക്കും വേണ്ടി അറുക്കപ്പെട്ടത് മുസ്‌ലിമിന് നിഷിദ്ധമാണ്.

അല്ലാഹു പറയുന്നു: "ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്ക് മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക് നിഷിദ്ധമാകുന്നു)" (ക്വുർആൻ 05:03).

ഇവിടെ ഒരു സംശയമുണ്ടാകാനിടയുണ്ട്. ദർഗകളിലും ജാറങ്ങളിലുമെല്ലാം ബലികർമം നിർവഹിക്കുന്നത് ബിസ്മി ചൊല്ലിക്കൊണ്ട് തന്നെയാണല്ലോ. പിന്നെയങ്ങനെ അത് അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതാവും? ഉത്തരം വ്യക്തമാണ്. ഇത്തരം സന്ദർഭങ്ങളിൽ ബിസ്മി ചൊല്ലാറുണ്ടെങ്കിലും അവർ ഉദ്ദേശിക്കുന്നത് അവിടെയുള്ള വലിയ്യിന്റെ പ്രീതിയാണ്. അതുകൊണ്ട് തന്നെ അനുവദനീയമല്ല. അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി ചെയ്യുന്ന കർമങ്ങളെല്ലാം ഇസ്‌ലാമിൽ നിഷിദ്ധമാണ്.

അല്ലാഹു അല്ലാത്തവരുടെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ബലിയറുത്താൽ അതുകൊണ്ട് റബ്ബിന്റെ ശാപമുണ്ടാകുമെന്ന് നബി(സ്വ) പഠിപ്പിച്ചു. അലി(റ)യിൽ നിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "അല്ലാഹു അല്ലാത്തവർക്കു വേണ്ടി ബലിയറുക്കുന്നവരെയും മാതാപിതാക്കളെ ശപിക്കുന്നവരെയും മതത്തിലില്ലാത്ത പുതിയ കാര്യങ്ങൾ ചെയ്യുന്നവരെയും ഭൂമിയുടെ അതിർത്തികൾ മാറ്റുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു" (മുസ്‌ലിം).

ഇസ്‌ലാമിൽ നിർബന്ധമായും അതല്ലാതെ പുണ്യകർമമെന്ന നിലയിലും നിശ്ചയിക്കപ്പെട്ട ബലികർമങ്ങളുണ്ട്. തമത്തുഅ് ആയ രീതിയിൽ ഹജ്ജിൽ പ്രവേശിച്ചവർക്ക് മൃഗബലി നിർബന്ധമാണ്. ആദ്യം ഉംറ നിർവഹിച്ചതിന് ശേഷം ഇഹ്റാമിൽ നിന്നൊഴിവാകുകയും, പിന്നീട് ഹജ്ജ് കർമത്തിന് വേണ്ടി രണ്ടാമത് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്ന രീതിക്കാണ് 'തമത്തുഅ്' എന്ന് പറയുന്നത്. ഇങ്ങനെ ചെയ്യുന്നവരോടുള്ള, റബ്ബിന്റെ കൽപന കാണുക: "അപ്പോൾ ഒരാൾ ഉംറ നിർവഹിച്ച് ഹജ്ജുവരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (പ്രായച്ഛിത്തമായി) ബലി നടത്തേണ്ടതാണ്" (ക്വുർആൻ 2:196).

ഹജ്ജിലെ ഏതെങ്കിലും കർമം നിർവഹിക്കാൻ കഴിയാതെ വരികയോ, ചെയ്യതിൽ അപാകത സംഭവിക്കുകയോ ചെയ്യാലും മൃഗബലി നിർബന്ധമാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക. ഇനി നിങ്ങൾക്ക് ഹജ്ജ് (നിർവഹിക്കുന്നതിന്) തടസ്സം സൃഷ്ടിക്കപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ബലിയർപ്പിക്കേണ്ടതാണ്)" (ക്വുർആൻ 12:196).

പുണ്യകർമമാക്കപ്പെട്ട ബലികളും ഇസ്‌ലാമിലുണ്ട്. ഇവ നിർബന്ധമുള്ളതല്ല. അക്കൂട്ടത്തിൽ പെട്ടതാണ് അക്വീക്വ. കുഞ്ഞ് ജനിച്ചാൽ അതിന്റെ സന്തോഷത്തിൽ അല്ലാഹുവിന് നന്ദിയർപ്പിച്ച് നടത്തുന്ന ബലികർമമാണിത്. കുഞ്ഞ് ജനിച്ച് ഏഴാം ദിവസം ഈ കർമം ചെയ്യുന്നത് പ്രത്യേകം പുണ്യമുള്ളതാണ്.

ഇതേപോലെ സുന്നത്താക്കപ്പെട്ട മറ്റൊരു ബലികർമമാണ് ഉദുഹിയ്യത്ത്. ബലിപെരുന്നാളുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ കർമം ഏറെ ശ്രേഷ്ഠകരമാണ്. ഇതിന് പിന്നിലുള്ള ചരിത്ര സംഭവം അല്ലാഹു വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"അദ്ദേഹം ഇബ്‌റാഹീം(അ) പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോവുകയാണ്. അവൻ എനിക്ക് വഴികാണിക്കുന്നതാണ്. എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപറ്റി നാം അദ്ദേഹത്തിന് സന്തോഷ വാർത്ത അറിയിച്ചു. എന്നിട്ട് ആ ബാലൻ



> പുണ്യകർമമാക്കപ്പെട്ട ബലികളും ഇസ്‌ലാമിലുണ്ട്. ഇവ നിർബന്ധമുള്ളതല്ല. അക്കൂട്ടത്തിൽ പെട്ടതാണ് അക്വീക്വ. കുഞ്ഞ് ജനിച്ചാൽ അതിന്റെ സന്തോഷത്തിൽ അല്ലാഹുവിന് നന്ദിയർപ്പിച്ച് നടത്തുന്ന ബലികർമമാണിത്. കുഞ്ഞ് ജനിച്ച് ഏഴാം ദിവസം ഈ കർമം ചെയ്യുന്നത് പ്രത്യേകം പുണ്യമുള്ളതാണ്. ഇതേപോലെ സുന്നത്താക്കപ്പെട്ട മറ്റൊരു ബലി കർമമാണ് ഉദുഹിയ്യത്ത്. ബലിപെരുന്നാളുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ കർമം ഏറെ ശ്രേഷ്ഠകരമാണ്.


അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ, നീ എന്താണ് അഭിപ്രായപ്പെടുന്നത്. അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ക്ഷാമശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പ്പെടുകയും, അവനെ നെറ്റിമേൽ ചെരിച്ചുകിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു! ഹേ ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാൽകരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലിമൃഗത്തെ നാം നൽകുകയും ചെയ്തു" (ക്വുർആൻ 37:99-107).

ബലിപെരുന്നാളിലെ ബലികർമം ഈ സംഭവത്തെ ഓർമിപ്പിക്കുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി എന്തും സമർപ്പിക്കുവാനുള്ള ത്യാഗസന്നദ്ധതയാണ് ഇബ്‌റാഹീം നബി(അ)യുടെ ചരിത്രത്തിൽ നിന്ന് നമുക്കുള്ള പാഠം.

ബലികർമത്തെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക: "അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾക്ക് അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു. (നബിയേ) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക"(ക്വുർആൻ 22:37).

മുനവ്വർ ഫൈറൂസ്. എ


# ഇബ്റാഹീം നബി(അ)യുടെ മഹത്ത്വവും വിശേഷണങ്ങളും



അല്ലാഹു ഒരുപാട് മഹത്ത്വങ്ങളും വിശേഷണങ്ങളും നൽകി ആദരിച്ച പ്രവാചകനാണ് മഹാനായ ഇബ്റാഹീം(അ). വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു മാനവരാശിയോട് അത് അറിയിക്കുന്നുണ്ട്. കൂടുതൽ വിശദീകരണമില്ലാതെ അവയിലൂടെ ഒന്ന് കണ്ണോടിക്കാം:

1. ഇബ്റാഹീം നബി(അ)യുടെ കുടുംബത്തെ അല്ലാഹു ഉൽകൃഷ്ടരായി തെരഞ്ഞെടുത്തു:

"തീർച്ചയായും ആദമിനെയും നൂഹിനെയും ഇബ്റാഹീം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും ലോകരിൽ ഉൽകൃഷ്ടരായി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു" (ക്വുർആൻ 3:33).



2. ഇഹലോകത്തും പരലോകത്തും ഉന്നതസ്ഥാനം നൽകി ആദരിച്ചു:

“ഇഹലോകത്ത് അദ്ദേഹത്തിന് നാം നൻമ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ തീർച്ചയായും അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരിക്കും” (16:122).

“സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും” (2:130).

3. സത്യസന്ധനായ പ്രവാചകൻ:

വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു” (19:41).

4. ലോകത്തിന്റെ നേതാവായി നിശ്ചയിച്ചു:

“ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപനകൾകൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക). അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്. ഇബ്റാഹീം പറഞ്ഞു: എന്റെ സന്തതികളിൽപ്പെട്ടവരെയും (നേതാക്കളാക്കണമേ). അല്ലാഹു പറഞ്ഞു: (ശരി; പക്ഷേ) എന്റെ ഈ നിശ്ചയം അതിക്രമകാരികൾക്ക് ബാധകമായിരിക്കുകയില്ല” (2:124).

5. അല്ലാഹു തന്റെ കൂട്ടുകാരനായി സ്വീകരിച്ചു:

“സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും നേർമാർഗത്തിലുറച്ച് നിന്നുകൊണ്ട് ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു” (4:125).

6. ഉത്തമ മാതൃക:

“നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: ‘നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽനിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നതുവരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഞാൻ താങ്കൾക്കുവേണ്ടി പാപമോചനം തേടാം. താങ്കൾക്ക് വേണ്ടി അല്ലാഹുവിങ്കൽനിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല എന്ന് ഇബ്റാഹീം തന്റെ പിതാവിനോട് പറഞ്ഞ വാക്കൊഴികെ. (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്കുതന്നെയാണ് തിരിച്ചുവരവ്” (60:4).

7. അല്ലാഹുവിന്ന് സമ്പൂർണമായി കീഴ്പെട്ടു:

“തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല” (16:120).

> ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപനകൾകൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക). അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്. ഇബ്റാഹീം പറഞ്ഞു: എന്റെ സന്തതികളിൽപ്പെട്ടവരെയും (നേതാക്കളാക്കണമേ). അല്ലാഹു പറഞ്ഞു: (ശരി; പക്ഷേ) എന്റെ ഈ നിശ്ചയം അതിക്രമകാരികൾക്ക് ബാധകമായിരിക്കുകയില്ല

ഈ വചനത്തിലുള്ള 'ഉമ്മത്ത്' എന്ന പദത്തിനാണ് ഇവിടെ 'സമുദായം' എന്ന അർഥം നൽകിയിട്ടുള്ളത്. 'മാതൃക' എന്നാണ് അതിന്റെ ഉദ്ദേശ്യാർഥമെന്ന് ക്വുർആൻ വ്യാഖ്യാതിക്കളിൽ പലരും പറഞ്ഞതായി കാണാം. അദ്ദേഹം ഒരു സമുദായം ചെയ്യുന്ന കാര്യങ്ങൾ ഒറ്റക്ക് ചെയ്ത മഹാനാണെന്നതിൽ സംശയമില്ല താനും.

"നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോകരക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു" (2:131).

8. സഹന ശീലം, അനുകമ്പ, പശ്ചാത്താപ മനസ്സ്:

"തീർച്ചയായും ഇബ്റാഹീം സഹനശീലനും ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്"(11:75).

9. സവിശേഷമായ വിവേകവും അറിവും നൽകപ്പെട്ട മഹാൻ:

"മുമ്പ് ഇബ്റാഹീമിന് തന്റേതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹത്തെപ്പറ്റി നമുക്കറിയാമായിരുന്നു" (21:51).

"അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞത് ഇപ്രകാരമാണ്: എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം" (19:43).

10. കടമകൾ നിറവേറ്റിയ മഹാൻ:

"(കടമകൾ) നിറവേറ്റിയ ഇബ്റാഹീമിന്റെയും" (53:37).

"ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപനകൾകൊണ്ട് പരീക്ഷിക്കുകയും അദ്ദേഹമത് നിറവേറ്റുകയും ചെയ്തകാര്യവും (നിങ്ങൾ അനുസ്മരിക്കുക)..." (2:124).

11. അല്ലാഹു സൽകീർത്തി നൽകി ആദരിച്ചു:

"പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു" (37:108).

12. അല്ലാഹുവിന്റെ സമാധാനാശംസ:

"ഇബ്റാഹീമിന് സമാധാനം!" (37:109).

13. ബഹുദൈവ വിശ്വാസം തൊട്ടുതീണ്ടാത്ത ശുദ്ധമനസ്കൻ:

"ഇബ്റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനഃസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല" (3:67).

14. നന്ദിയുള്ള ദാസൻ:

"അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു" (16:120,121).

15. ഇബ്റാഹീം നബി(അ)യുടെ മാർഗം പിൻപറ്റാൻ അല്ലാഹു കൽപിക്കുന്നു:

"(നബിയേ,) പറയുക: അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. ആകയാൽ ശുദ്ധമനസ്കനായ ഇബ്രാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (3:95).

ഇബ്റാഹീം നബി(അ)യുടെ മഹത്ത്വം വ്യക്തമാക്കുന്ന പ്രവാചക വചനങ്ങളും നമുക്ക് കാണാവുന്നതാണ്. ആ മഹാപ്രവാചകന്റെ മില്ലത്ത് (മാർഗം) പിൻപറ്റുന്ന സദ്വൃത്തരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ■



വിവ: അബ്ദുൽ ജബ്ബാർ മദീനി

# രോഗിയും സാമ്പത്തിക വിനിമയവും

മനുഷ്യൻ ആരോഗ്യവാനും സൗഖ്യമുള്ളവനുമാണെങ്കിൽ തന്റെ സ്വത്തിൽ എല്ലാവിധ സ്വാതന്ത്ര്യവുമുപയോഗിച്ച് അവന് വിനിമയമാകാം; പക്ഷേ, മതം കൊണ്ടുവന്ന പരിധിയിൽ നിന്നുകൊണ്ടു മാത്രം. എന്നാൽ അവൻ രോഗിയായാൽ, രോഗം ഗുരുതരമല്ലെങ്കിൽ-അഥവാ പല്ലുവേദന, വിരലുവേദന, തലവേദന, ഹാനികരമല്ലാത്ത ശരീരവേദനകൾ പോലെ-രോഗം കാരണത്താൽ മരണം ഭയക്കാതിരിക്കുകയും സുഖപ്പെടുവാനും ശമിക്കുവാനും സാധ്യതയുമുണ്ടെങ്കിൽ സാമ്പത്തിക കാര്യങ്ങളിലുള്ള അവന്റെ ക്രയവിക്രയം ആരോഗ്യമുള്ളവന്റെ ക്രയവിക്രയം പോലെയായിരിക്കും. അവന്റെ മുഴുവൻ സ്വത്തിൽ നിന്നും അവന്റെ സംഭാവനയും സമ്മാനവും സാധുവാകും. രോഗം ഭീതിജനകമാം വിധം മൂർച്ഛിക്കുകയും അതു കാരണത്താൽ അവൻ മരിക്കുകയും ചെയ്താൽ സംഭാവനയുടെയും സമ്മാനത്തിന്റെയും അവസരത്തിൽ അവന്റെ അവസ്ഥയാണ് പരിഗണിക്കേണ്ടത്. ഈ അവസ്ഥയിൽ അവൻ ആരോഗ്യവാന്റെ വിധിയിലാണ്.

എന്നാൽ അപകടകരവും ഗുരുതരവുമായ രോഗങ്ങൾപോലെ, മരണം പ്രതീക്ഷിക്കുമാറ് രോഗം ഭീതിജനകമാണെങ്കിൽ ഇത്തരം അവസ്ഥകളിലുള്ള അവന്റെ ദാനവാഗ്ദ്ധുകൾ സ്വത്തിന്റെ മൂന്നിലൊന്നിൽ നിന്നാണ് നടപ്പിലാക്കുക; മൊത്തം സ്വത്തിൽനിന്നല്ല. ദാനങ്ങൾ സ്വത്തിൽ മൂന്നിലൊന്നിന്റെ പരിധിക്കു താഴെയാണെങ്കിലാണിത്. മൂന്നിലൊന്നിൽ കൂടുതലാണ് ദാനങ്ങളെങ്കിൽ മരണാനന്തരം അനന്തരാവകാശികളുടെ അനുമതിയോടെയല്ലാതെ അതു നടപ്പിലാക്കപ്പെടുകയില്ല.

തിരുനബി(സ്വ) പറഞ്ഞു: "നിങ്ങളുടെ മരണവേളയിൽ നിങ്ങളുടെ സൽകർമങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടിയും നിങ്ങളുടെ കർമങ്ങൾക്ക് സംസ്കരണമായി നിശ്ചയിച്ചുകൊണ്ടും നിങ്ങളുടെ സ്വത്തിന്റെ മൂന്നിലൊന്ന് (വസ്വിയ്യത്തിലൂടെ) വിനിയോഗിക്കുവാ

നുള്ള അവകാശം അല്ലാഹു നിങ്ങൾക്ക് ദാനം ചെയ്തിരിക്കുന്നു.”

മരണാസന്നനായ രോഗിക്ക് തന്റെ സ്വത്തിൽ മൂന്നിലൊന്ന് കൈകാര്യം ചെയ്യാമെന്ന് ഈ ഹദീസും ഇതേ ആശയത്തിൽ വന്നവയും അറിയിക്കുന്നു. കാരണം ആകെ സ്വത്തിൽ നിന്നുള്ള അവന്റെ സംഭാവന അനന്തരാവകാശികൾക്ക് ഉപദ്രവകരമാകും. അതിനാലാണ് അത് വസ്വിയ്യത്ത് മൂന്നിലൊന്നിലേക്ക് ചുരുക്കിയത്.

എന്നാൽ ഷുഗർരോഗം പോലുള്ള ഭീതിജനകമല്ലാത്തതോ രോഗിയെ ശയ്യാവലംബിയാക്കാത്തതോ ആയ കാലപ്പഴക്കമുള്ള രോഗമാണെങ്കിൽ, ഇത്തരം അവസ്ഥകളിൽ അവന്റെ സംഭാവനകൾ ആരോഗ്യവാന്റെ സംഭാവനകളെപോലെ അവന്റെ മുഴുവൻ സ്വത്തിൽ നിന്നുമായിരിക്കും. കാരണം അവന്റെ വിഷയത്തിൽ വൃദ്ധനെപോലെ പെട്ടെന്നുള്ള മരണം ഭയക്കുന്നില്ല.

എന്നാൽ രോഗം അവനെ ശയ്യാവലംബിയാക്കിയാൽ അവന്റെ സ്വത്തിൽ മൂന്നിലൊന്നിന്റെ പരിധിയിലല്ലാതെ സംഭാവനകളും വസ്വിയ്യത്തുകളും സാധുവാകുകയില്ല; അതും അനന്തരാവകാശിയല്ലാത്തവന്ന്. കാരണം അവൻ മരണം ഭയക്കപ്പെടുന്ന, ശയ്യാവലംബിയായ രോഗിയാണ്. അതിനാൽ മരണാസന്നനായ രോഗിയെ പോലെത്തന്നെ ഈ അവസ്ഥയിൽ അവന്റെ സാമ്പത്തിക വിനിമയങ്ങളോ സംഭാവനകളോ പരിഗണിക്കപ്പെടുകയില്ല.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*


# വനിത പ്രബോധക സംഗമം സമാപിച്ചു

കൊല്ലം: സാമൂഹ്യ മാറ്റത്തിൽ നിർണായകമായ പങ്കുവഹിക്കാൻ കഴിയുന്നവരാണ് വനിതകൾ. അവരെ നയിക്കാൻ അവരിൽനിന്നുതന്നെ പ്രബോധകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിസ്ഡം പണ്ഡിത സമിതിയായ ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യയുടെ നേതൃത്വത്തിൽ ദക്ഷിണ മേഖല വനിത ദാഇയ സംഗമം മെയ് 14ന് (ബുധനാഴ്ച) കൊല്ലത്തുവച്ച് നടന്നു. ഉത്തരമേഖല സംഗമം ഇതിനു മുമ്പ് സംഘടിപ്പിച്ചിരുന്നു.

പുരുഷന്മാർക്കായി വർഷത്തിൽ രണ്ട് പ്രാവശ്യം സമ്പൂർണ ദാഈ സംഗമം ലജ്നയുടെ കീഴിൽ നടന്നുവരുന്നുണ്ട്. വ്യത്യസ്തങ്ങളായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ ഉൾക്കാഴ്ചയുള്ള പ്രബോധകന്മാരെ വാർത്തെടുക്കുക എന്നതാണ് പ്രബോധക ക്യാമ്പിന്റെ ലക്ഷ്യം.

ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം കൊല്ലം ജില്ല പ്രസിഡന്റ് നിസാർ കണ്ടത്തിൽ ആശംസ നേർന്നു. ശമീർ മദീനി (ദഅ്‌വത്ത്: പ്രാധാന്യവും പ്രയോഗവും), ശബീബ് സ്വലാഹി (അക്വീദ: അഹ്‌ലുസ്സുന്നയും ബിദ്ഈ കക്ഷികളും), അബൂബക്കർ സലഫി (പ്രമാണങ്ങളോടുള്ള സമീപനം), ഹംസ മദീനി (മുസ്‌ലിം സ്ത്രീ: കുടുംബത്തിലും സമൂഹത്തിലും) എന്നിവർ ക്ലാസ്സെടുത്തു.

പാനൽ ഡിസ്കഷനിൽ സംശയങ്ങൾക്ക് നിവാരണം വരുത്തി. ഷജീന സ്വലാഹിയ്യ സ്വാഗതവും അനീസ സ്വലാഹിയ്യ നന്ദിയും പറഞ്ഞു.





നസാഖ് ചെറൂപ്പ
: 94461 63601

# ജനസംഖ്യ സ്ഥിതിവിവര കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നത്

ജനസംഖ്യയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് ഡെമോഗ്രഫി. ഈയിടെ ലഭിച്ചുകൊണ്ടിരിക്കുന്ന ഡെമോഗ്രഫിക് റിപ്പോർട്ടുകൾ നമ്മുടെ കണ്ണ് തുറപ്പിക്കുന്ന വസ്തുതകളാണ് പുറത്തു വിട്ടുകൊണ്ടിരിക്കുന്നത്. 2023 വരെ ലോകത്ത് ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തായിരുന്ന രാജ്യമാണ് ചൈന. ആ സ്ഥാനം ഇപ്പോൾ ഇന്ത്യക്കാണ്. ക്രമാതീത ജനസംഖ്യാവളർച്ച ഉണ്ടായതുകൊണ്ടല്ല ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തിയത്. മറിച്ച്, 142.6 കോടി മനുഷ്യരും വിസ്തൃതിയിൽ രണ്ടാം സ്ഥാനവുമുള്ള ചൈന രണ്ടുമൂന്നു വർഷമായി ജനസംഖ്യയിൽ കുറവ് കാണിച്ചുകൊണ്ടിരിക്കുന്നു എന്നതിനാലാണത്.

> കേരളത്തിന്റെ ഫേർട്ടിലിറ്റി നിരക്ക് ദേശീയ ശരാശരിയെക്കാളും താഴെയായി 1.8 ലാണുള്ളത്. കേരളത്തിലെ കുട്ടികളുടെ തോത് 19 ശതമാനമാണ്. ദേശീയ ശരാശരിയെക്കാളും വളരെ താഴെയാണത്. കേരളത്തിൽ 60 വയസ്സിനു മുകളിലുള്ളവർ 13-15 ശതമാനമായിരുന്നത് 2025ൽ 20 ശതമാനത്തിൽ എത്തിനിൽക്കുന്നു. പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ കുട്ടികൾ ശോഷിച്ച, മുതിർന്നവർ നിറഞ്ഞ കേരളത്തെയായിരിക്കും സമീപ ഭാവിയിൽ നമുക്ക് കാണാനാവുക.

1960കളിൽ ചൈനക്കും ഇന്ത്യക്കും ഏകദേശം ഒരേ ഫെർട്ടിലിറ്റി നിരക്കാണ് ഉണ്ടായിരുന്നത്. അതായത് ഒരു സ്ത്രീക്ക് 6 കുട്ടികൾ എന്ന തോതിൽ. ഒരു സ്ത്രീക്ക് അവരുടെ ജീവിതകാലത്ത് ഉണ്ടാകുന്ന കുട്ടികളുടെ എണ്ണമാണ് ഫേർട്ടിലിറ്റി നിരക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. 1980 ആകുമ്പോഴേക്കും ചൈനയുടെ ഫെർട്ടിലിറ്റി നിരക്ക് കേവലം 3ൽ എത്തി. 1965 മുതൽ നടപ്പിലാക്കിത്തുടങ്ങിയ, 'വൺ ചൈൽഡ് പോളിസി'യാണ് ചൈനയുടെ ഫെർട്ടിലിറ്റി നിരക്ക് ക്രമാതീതമായി കുറച്ചു കൊണ്ടുവന്നത്. ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട കുടുംബാസൂത്രണ പദ്ധതിയായിരുന്നു ചൈനയുടെ വൺ

ചൈൽഡ് പോളിസി. ഒന്നിലധികം കുട്ടികളുള്ള കുടുംബത്തിന് ഗവൺമെന്റിന്റെ പല ആനുകൂല്യങ്ങളും നിഷേധിച്ചുകൊണ്ടാണ് ചൈന ആ പദ്ധതി നടപ്പിലാക്കിയത് .

ഇന്ത്യയിൽ ഫെർട്ടിലിറ്റി നിരക്ക് 3ൽ എത്തിയത് 2000ത്തോടെയാണ്. ലോകത്ത് ആദ്യമായി കുടുംബാസൂത്രണം നടപ്പാക്കിയ രാജ്യമാണ് ഇന്ത്യ. 1952 ൽ ആരംഭിച്ച പദ്ധതി 'ചെറിയ കുടുംബം, സന്തുഷ്ട കുടുംബം,' 'കുട്ടികൾ രണ്ടോ മൂന്നോ മതി,' 'നാം രണ്ട്, നമുക്ക് രണ്ട്,' 'നാം ഒന്ന്, നമുക്ക് ഒന്ന്' തുടങ്ങിയ ക്യാപ്ഷനുകളോടുകൂടിയായിരുന്നു വിവിധ ഘട്ടങ്ങളിൽ പദ്ധതി പ്രചരിപ്പിച്ചത്. പൊതുവിൽ ഇന്ത്യയിൽ ഒരു കുടുംബത്തിൽ ഇത്ര കുട്ടികളേ പാടുള്ളൂ എന്ന നിയമമൊന്നുമില്ല. എങ്കിലും ചില സംസ്ഥാനങ്ങൾ 'ടു ചൈൽഡ് പോളിസി' നടപ്പിലാക്കിയിട്ടുണ്ട്. അവിടങ്ങളിൽ രണ്ടിലധികം കുട്ടികളുള്ള കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യം നൽകുന്നതിലും രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനും നിയന്ത്രണങ്ങളുണ്ട്.

ലോകത്തെ ഇപ്പോഴത്തെ ഫെർട്ടിലിറ്റി നിരക്ക് കേവലം 2.3 ആണ്. നിലവിലെ ജനസംഖ്യ നിലനിൽക്കണമെങ്കിൽ (Replacement level) ചുരുങ്ങിയ ഫേർട്ടിലിറ്റി നിരക്ക് 2.1 ഉണ്ടായിരിക്കണം എന്നാണ് കണക്ക്. നിലവിൽ ജനസംഖ്യ വർധിക്കുകയാണെങ്കിലും വളർച്ചാതോത് നാമമാത്രമാണ്. 2060 ഓടെ വളർച്ച അവസാനിക്കുകയും 970-1000 കോടി എന്ന പാരമ്യതയിൽ എത്തുകയും തുടർന്ന് ജനസംഖ്യ റിവേഴ്സ് സ്വഭാവം കാണിക്കുകയും ചെയ്യുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു .

യൂറോപ്പിലെ ഏറ്റവും കൂടിയ ഫെർട്ടിലിറ്റി നിരക്ക് 1.9 ഉം കുറഞ്ഞത് 1.2 മാണ്. അമേരിക്കയിലാകട്ടെ 1.8 ഉം ഏഷ്യയിൽ 2 ഉം ആസ്ട്രേലിയയിൽ 1.5 ഉം ആണ്. ആഫ്രിക്കയിൽ മാത്രമാണ് അൽപം കൂടുതൽ കാണിക്കുന്നത്. ആഫ്രിക്കൻ രാജ്യങ്ങളിലെ ഫെർട്ടിലിറ്റി നിരക്ക് 2.3 മുതൽ 6.8 വരെയാണ്. ശരാശരി ഫെർട്ടിലിറ്റി നിരക്ക് 4.6 ആണ്. ലോകത്ത് ഏറ്റവും കൂടുതൽ ഫെർട്ടിലിറ്റി നിരക്കുള്ളത് (6.8) നൈജർ ആഫ്രിക്കയിലാണ്.

820 കോടി ജനങ്ങളാണ് ലോകത്തുള്ളത്. അതിന്റെ 60 ശതമാനം ജനങ്ങളും ഏഷ്യയിലാണ്. ചൈനയിലും ഇന്ത്യയിലും മാത്രമായി 285 കോടി ജനങ്ങളുണ്ട്. ഏറ്റവും വലിയ രാജ്യമായ റഷ്യയിലെ ജനസംഖ്യ 14.48 കോടി മാത്രമാണ്.

> ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ റഷ്യയിലെ ജനസംഖ്യ പകുതിയായി കുറയും എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. റഷ്യയിൽ, ജനസംഖ്യാ വർധനവ് ലക്ഷ്യംവച്ച്, പത്ത് കുട്ടികൾക്ക് ജന്മം നൽകുന്ന അമ്മമാർക്ക് ഒരു ബഹുമതി നിശ്ചയിച്ചിട്ടുണ്ട്. 'മദർ ഹീറോയിൻ' എന്നാണ് ആ ബഹുമതിയുടെ പേര്. 10 കുട്ടികളെ ആരോഗ്യത്തോടെ നല്ല വിദ്യാഭ്യാസവും നൽകി വളർത്തിയാൽ പത്താമത്തെ കുട്ടിയുടെ ഒന്നാം പിറന്നാളിന് നൽകുന്ന ബഹുമതിയാണിത്. ഒരു മില്യൺ റൂബിൾ ആണ് അവാർഡ് തുക.

ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ അവിടത്തെ ജനസംഖ്യ പകുതിയായി കുറയും എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. റഷ്യയിൽ, ജനസംഖ്യാ വർധനവ് ലക്ഷ്യംവച്ച്, പത്ത് കുട്ടികൾക്ക് ജന്മം നൽകുന്ന അമ്മമാർക്ക് ഒരു ബഹുമതി നിശ്ചയിച്ചിട്ടുണ്ട്. 'മദർ ഹീറോയിൻ' എന്നാണ് ആ ബഹുമതിയുടെ പേര്. 10 കുട്ടികളെ ആരോഗ്യത്തോടെ നല്ല വിദ്യാഭ്യാസവും നൽകി വളർത്തിയാൽ പത്താമത്തെ കുട്ടിയുടെ ഒന്നാം പിറന്നാളിന് നൽകുന്ന ബഹുമതിയാണിത്. ഒരു മില്യൺ റൂബിൾ ആണ് അവാർഡ് തുക. സോവിയറ്റ് യൂണിയന്റെ കാലത്തും (1944-1991) ഈ ബഹുമതി ഉണ്ടായിരുന്നെങ്കിലും 2022ൽ വ്ളാഡ്മിർ പുടിൻ ആണ് ഈ ബഹുമതി പുനഃസ്ഥാപിച്ചത് .

റഷ്യയെപോലെ വേറെ പല രാജ്യങ്ങളും ഈ ഭീഷണി നേരിടുന്നുണ്ട്. ജനസംഖ്യാ വർധനവ് ലക്ഷ്യം വച്ച് ചൈനയിലും ചില പദ്ധതികൾ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. 'ഒറ്റക്കുട്ടി' നയം പിൻവലിച്ച് മൂന്നു കുട്ടികൾ നയം 2021ൽ നടപ്പാക്കി. കോളേജുകളിലും സർവകലാശാലകളിലും വിവാഹം, കുടുംബം, ഫെർട്ടിലിറ്റി എന്നിവയെക്കുറിച്ച് നല്ല വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിൽ പ്രസ്തുത വിഷയങ്ങൾ ഉൾകൊള്ളിക്കാൻ നിർദേശങ്ങൾ നൽകുകയുണ്ടായി. കൂടാതെ, കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾക്ക് സാമ്പത്തികസഹായം, നികുതിയിൽ ഇളവ്, വീട് നിർമാണ വായ്പയിൽ സബ്സിഡി, രക്ഷിതാക്കൾക്ക് അധിക അവധി, ആരോഗ്യപരിരക്ഷ തുടങ്ങി പല പദ്ധതികളും നടപ്പിലാക്കിത്തു ടങ്ങിയിട്ടുണ്ട്. ജപ്പാൻ, ഇറ്റലി, ജർമനി, ഫ്രാൻസ്, യുഎസ് തുടങ്ങി പല രാജ്യങ്ങളും ഫേർട്ടിലിറ്റി തോത് വർധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ തന്നെ ഫെർട്ടിലിറ്റി നിരക്ക് കുറയുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ പുറത്തുവന്നിട്ടുണ്ടെങ്കിലും അത് ആശാവഹം എന്ന രീതിയിലാണ് വിലയിരുത്തപ്പെട്ടത്. 2020 ഓടെയാണ് ഫെർട്ടിലിറ്റി നിരക്ക് കുറയുന്നതുമായി ബന്ധപ്പെട്ട് അതിന്റെ പ്രത്യാഘാതങ്ങൾ ഗൗരവമായി ചർച്ച ചെയ്യാൻ തുടങ്ങിയത്. പുതിയ തലമുറയിൽ ജനനം കുറഞ്ഞതോടെ ജനസംഖ്യയിൽ നല്ലൊരു ശതമാനവും വൃദ്ധരായി മാറിക്കൊണ്ടിരിക്കുകയാണ്.

ജപ്പാനിലെ ജനസംഖ്യയിൽ 65 വയസ്സിനു മുകളിലുള്ളവർ 28 ശതമാനമാണ്. കുട്ടികളാകട്ടെ 11 ശതമാനവും. ഒരു സമൂഹത്തിന് അല്ലെങ്കിൽ രാജ്യത്തിന് യോജിച്ച വൃദ്ധജനസംഖ്യാ ശതമാനം 10 മുതൽ 15 ശതമാനം വരെയും കുട്ടികളുടെത് 20 മുതൽ 25 വരെയുമാണ്. ഇറ്റലി, പോർച്ചുഗൽ, ഗ്രീസ്, സ്പെയിൻ, ജർമനി തുടങ്ങി പല രാജ്യങ്ങളും സമാനമായ പ്രതിസന്ധി നേരിടുന്നുണ്ട്. അവിടങ്ങളിലെ കുട്ടികളുടെ ശതമാനം 15ന് താഴെയും മുതിർന്നവരുടെത് 20ന് മുകളിലുമാണ്.

ഇന്ത്യയുടെ ഫെർട്ടിലിറ്റി നിരക്ക് ലോക ഫെർട്ടിലിറ്റി നിരക്കിനെക്കാളും റീപ്ലേസ്മെന്റ് നിരക്കിനെക്കാളും താഴെയുള്ള 2 ലാണുള്ളത്. കുട്ടികളുടെ തോത് നിലവിൽ 26 ശതമാനമുണ്ടെങ്കിലും പെട്ടെന്ന് കുറഞ്ഞു തുടങ്ങാനുള്ള സാധ്യതയുമുണ്ട്. കേരളത്തിന്റെ ഫേർട്ടിലിറ്റി നിരക്കാവട്ടെ ദേശീയ ശരാശരിയെക്കാളും താഴെയായി 1.8 ലാണുള്ളത്. കേരളത്തിലെ കുട്ടികളുടെ തോത് 19 ശതമാനമാണ്. ദേശീയ ശരാശരിയെക്കാളും വളരെ താഴെയാണത്. കേരളത്തിൽ 60 വയസ്സിനു മുകളിലുള്ളവർ 13-15 ശതമാനമായിരുന്നത് 2025ൽ 20 ശതമാനത്തിൽ എത്തിനിൽക്കുന്നു. പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ കുട്ടികൾ ശോഷിച്ച, മുതിർന്നവർ നിറഞ്ഞ കേരളത്തെയായിരിക്കും സമീപ ഭാവിയിൽ നമുക്ക് കാണാനാവുക.



# ‘തർക്വിയ’ എസ്ആർജി പരിശീലന ക്യാമ്പ്

കോഴിക്കോട്: നിർമിത ബുദ്ധിയുടെ കാലത്തെ വിജ്ഞാന വിസ്ഫോടനത്തിൽ വിദ്യാർഥികളിൽ ഗവേഷണത്വര വളർത്തിയെടുക്കാനും അറിവിന്റെ ലോകത്ത് വിഹരിക്കാനുള്ള പ്രാപ്തി നൽകാനും അധ്യാപകരെ പരിശീലിപ്പിക്കാൻ പദ്ധതികളാവിഷ്കരിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് മദ്റസ അധ്യാപകർക്കായി സംഘടിപ്പിച്ച ‘തർക്വിയ’ എസ്ആർജി പരിശീലന ക്യാമ്പ് അഭിപ്രായപ്പെട്ടു.

വിദ്യാർഥികളിലെ മാനസിക സംഘർഷത്തിന് സുംബ ഡാൻസ് പരിഹാരമാണെന്ന കണ്ടെത്തൽ ആശ്ചര്യകരമാണ്. ലഹരിക്കെതിരെ കായികക്ഷമത വർധിപ്പിക്കുകയാണ് ലക്ഷ്യമെങ്കിൽ കായിക സംവിധാനങ്ങളെ കാര്യക്ഷമമാക്കുകയാണ് വേണ്ടത്. അധ്യാപക പരിശിലനങ്ങളിൽ സാഹചര്യങ്ങൾക്കനുസരിച്ച് വിജ്ഞാന പ്രസരണം സാധ്യമാക്കാൻ പ്രോഗ്രാം ചെയ്യണം. മദ്റസ വിദ്യാഭ്യാസം കുട്ടികളുടെ മാനസിക വളർച്ചയും സാമൂഹിക പ്രതിബദ്ധതയും സാധ്യമാക്കും. ധാർമിക വിദ്യാഭ്യാസ പ്രചാരണത്തിന് അധികാരികൾ സഹകരണം ഉറപ്പാക്കണമെന്നും ക്യാമ്പ് അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. വിസ്ഡം എജ്യൂക്കേഷൻ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ അധ്യക്ഷത വഹിച്ചു. മുസ്തഫ മാസ്റ്റർ, ഷമീൽ ടി മഞ്ചേരി, ഇർഫാൻ സ്വലാഹി, ഡോ. ഷിയാസ് സ്വലാഹി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. റഷീദ് മാസ്റ്റർ കാരപ്പുറം, ഐപി മൂസ മദനി പുത്തൂർ തുടങ്ങിയവർ സംസാരിച്ചു.



# ശീഇസം; വൈരുധ്യങ്ങളുടെ കലവറ

മുജീബ് റഹ്മാൻ സ്വലാഹി
കരുവാരകുണ്ട്

"അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു" (4:82).

ശിയാക്കളുടെ സ്വയംകൃത മതം വൈരുധ്യങ്ങളും കെട്ടുകഥകളും നിറഞ്ഞതാണ്; തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്.

ഇസ്‌ലാം പ്രപഞ്ചനാഥൻ മാനവരാശിക്ക് സമ്മാനമായി നൽകിയ പ്രകാശമാണ്. സങ്കീർണതകളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മുക്തമായ സുതാര്യമായ സന്ദേശമാണത്.ലാളിത്യവും പ്രായോഗികതയുമാണ് അതിന്റെ സവിശേഷത. അതുകൊണ്ടുതന്നെ അത് പെട്ടെന്ന് ലോകമാകെ പടർന്നു. ആ പ്രകാശത്തെ കെടുത്തിക്കളയാൻ എക്കാലത്തും ശ്രമങ്ങൾ നടന്നിട്ടുണ്ട്. എല്ലാം വിഫലമാവുകയാണ് ചെയ്തിട്ടുള്ളത്. ഇസ്‌ലാമിന്റെ വളർച്ചയെ പുറമെനിന്ന് പ്രതിരോധിക്കാൻ സാധ്യമല്ലെന്ന ബോധ്യത്തിൽനിന്നാണ് അതിനെ വികൃതമാക്കി അവതരിപ്പിക്കാനുള്ള വിഫലശ്രമം പലരും നടത്തിയിട്ടുള്ളത്.

അത്തരം ശ്രമം നടത്തി ഭിന്നിച്ചുപോയവരിലെ ഒരു വിഭാഗമാണ് ശീഇകൾ (ശിയാക്കൾ). പൗലോസ് എന്ന വ്യക്തി ഈസാ നബി (അ) പ്രബോധനം ചെയ്ത സത്യസന്ദേശത്തെ വികലമാക്കാൻ ശ്രമിച്ചതുപോലെ, ഇസ്‌ലാമിന്റെ സുന്ദരമുഖത്തെ വികൃതമാക്കാൻ പണിയെടുത്ത വ്യക്തിയാണ് ഇബ്നുസബഅ്. അലി(റ)യിൽ ദൈവികതയും പ്രവാചകത്വവുമൊക്കെ ചാർത്തി പ്രചരിപ്പിച്ച് അയാൾ ഇസ്‌ലാമികാദർശത്തെ വികലമാക്കാൻ ശ്രമിച്ചു. നബികുടുബത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ് രംഗത്തിറങ്ങിയാൽ എളുപ്പത്തിൽ കാര്യം നേടാമെന്ന് കണക്കുകൂട്ടി. തങ്ങളുടെ ഇമാമുകൾ പാപസുരക്ഷിതരാണെന്നും അല്ലാഹുവിൽനിന്ന് സന്ദേശം നേരിൽ ലഭിക്കുന്നവരാണെന്നുമൊക്കെ ശീഇകൾ പ്രചരിപ്പിച്ചു.

**വൈരുധ്യങ്ങളും കെട്ടുകഥകളും**

വൈരുധ്യങ്ങൾ അസത്യത്തിന്റെ മുഖമുദ്രയാണ്. മനുഷ്യനിർമിത ആശയാദർശങ്ങളിൽ ഭിന്നതകളും വൈരുധ്യങ്ങളും അപ്രായോഗികതകളും കാണപ്പെടുക സ്വഭാവികം. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമായ ക്വുർആനിന്റെ ദൈവികതയും സത്യസമ്പൂർണതയും തെളിയിക്കുന്ന ഒന്നാണ് അത് വൈരുധ്യങ്ങളിൽനിന്നും മുക്തമാണ് എന്നത്.

**ഇമാമത്തും പാപസുരക്ഷിതത്വവും**

ശീഈ വിശ്വാസത്തിന്റെ മൗലികവശമാണ് ഇമാമത്തും ഇമാമുമാരുടെ പാപസുരക്ഷിതത്വവും. നുബുവ്വത്തിന് (പ്രവാചകത്വം) സമാനമാനമായ പദവിയാണ് ഇവരുടെ പക്കൽ 'ഇമാമത്ത്.' ഒരുവേള പ്രവാചകത്വത്തിന്റെയും മീതെയാണെന്ന് തോന്നിപ്പിക്കുന്ന പരാമർശങ്ങളും ശീഈ ഗ്രന്ഥങ്ങളിൽ കാണുവാൻ സാധിക്കും. അല്ലാഹു പ്രവാചകന്മാരെ തെരഞ്ഞെടുക്കുന്നതുപോലെ തങ്ങളുടെ ഇമാമുമാരെയും തെരഞ്ഞെടുക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഇമാമത്തിൽ വിശ്വസിച്ചാൽ മാത്രമെ യഥാർഥ വിശ്വാസിയാകൂ എന്നും ഇവർ ജൽപിക്കുന്നു. ഇമാമുകളിൽ വിശ്വസിക്കാത്തവർ ജൂത-ക്രൈസ്തവരെക്കാൾ വലിയ നിഷേധികളാണെന്നുവരെ പ്രസ്താവിക്കുന്നതിൽ യാതൊരു ലജ്ജയും ഇവർക്കില്ല. അലി(റ)യുടെ ഇമാമത്ത് നിഷേധിക്കുന്നത് മുഴുവൻ പ്രവാചകന്മാരെയും തള്ളികളയുന്നതിന് സമാനമാണെന്നും ഇവർ വാദിക്കുന്നു. സ്വഹാബി

മാരെ അവമതിച്ചുകൊണ്ട്, നബി കുടുംബത്തെ ആദരിക്കുക എന്ന ലേബലിൽ ഇസ്‌ലാമിനെ വക്രീകരിക്കുവാനുള്ള ശ്രമമാണ് അന്ന് ശീഇകൾ തുടങ്ങിവച്ചത്.

ഇമാമുകൾ പാപസുരക്ഷിതരാണെന്ന ശീഈ വിശ്വാസത്തിന്റെ ആണിക്കല്ലിളക്കുന്ന ധാരാളം തെളിവുകൾ അവരുടെ തന്നെ കിതാബുകളിൽ കാണാം. മാതൃകക്ക് ചിലത് ചുവടെ ചേർക്കുന്നു:

ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെ കൂടെപ്പിറപ്പായ ഉമ്മുകുൽസൂമിനെ ഉമർ(റ)വിന്- ഉമർ(റ) അവരുടെ വിശ്വാസപ്രകാരം കാഫിറാണല്ലോ-വിവാഹം ചെയ്ത് കൊടുത്തത്.

ഈ വിവാഹം ശീയാക്കൾ അംഗീകരിക്കുന്ന കൃതികളിൽ സ്ഥിരപ്പെട്ടതാണ്. ഇവിടെ രണ്ടിലൊരു കാര്യം അംഗീകരിക്കാൻ ഇവർ നിർബന്ധിതരാവും. സ്വന്തം മകളെ ഒരു 'കാഫിറിന്ന്' വിവാഹം ചെയ്ത് കൊടുക്കുക വഴി അലി(റ) പാപസുരക്ഷിതനല്ലെന്ന് സമ്മതിക്കേണ്ടി വരും. അലി(റ) തന്നെ പാപം സംഭവിക്കുന്ന വ്യക്തിയാണെന്ന് വന്നാൽ മറ്റു ഇമാമുകളുടെ കാര്യം പറയാനില്ലല്ലോ.

നബി(സ്വ)യുടെ ക്വബ്റിന്റെ ചാരത്താണ് അബൂബക്കർ(റ), ഉമർ(റ) എന്നിവരുടെ ക്വബ്ർ. ശിയാക്കളുടെ വീക്ഷണത്തിൽ ഈ മഹാന്മാർ കാഫിറുകളാണ്. കാഫിറുകളെ എങ്ങനെ നബി(സ്വ)യുടെ ക്വബ്റിന്റെ ചാരത്ത് മറമാടും? അലി(റ)എങ്ങനെ അത് അംഗീകരിച്ചു കൊടുത്തു? മഅ്സൂമായ ഒരു വ്യക്തിയിൽ നിന്ന് ഇങ്ങനെ സംഭവിക്കുമോ? ഒന്നുകിൽ രണ്ടു ഖലീഫമാരും മുസ്‌ലിംകളായിരുന്നുവെന്ന സത്യം ഇവർക്ക് സമ്മതിക്കേണ്ടിവരും. അല്ലെങ്കിൽ അലി(റ) തന്റെ ആദർശത്തിൽ വഞ്ചന കാണിച്ചുവെന്ന് വിശ്വസിക്കാൻ ഇവർ നിർബന്ധിതരാണ്.

പാപ സുരക്ഷിതനെന്ന് ശിയാക്കൾ വിശ്വസിക്കുന്ന അലി(റ) ഈ രണ്ടു ഖലീഫമാർക്കും ബൈഅത്ത് ചെയ്യുകയും അവരുടെ ഭരണത്തിൽ സംതൃപ്തനായി കഴിയുകയും ചെയ്തു. പത്ത് വർഷത്തിലധികം ഉമർ(റ)വിന്റെ ഭരണത്തിൽ ശ്രദ്ധേയമായ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഇത് ഒരു ചരിത്ര വസ്തുതയാണ് .

ഒട്ടും ഭയമില്ലാതെ സത്യം തുറന്ന് പ്രഖ്യാപിച്ചിരുന്ന ധീരനായിരുന്നു അലി(റ). ഇബ്നു മുൽജിമിന്റെ കരങ്ങളാൽ രക്തസാക്ഷിത്വം വരിക്കുന്നതുവരെയും ഈ ഗുണം അദ്ദേഹത്തിൽ ജ്വലിച്ചുനിന്നിരുന്നു. അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരെ അദ്ദേഹം ആക്ഷേപിച്ചിട്ടില്ല. തനിക്ക് ലഭിക്കേണ്ട അധികാരം തട്ടിയെടുത്തു എന്ന് ആരോപിച്ചിട്ടില്ല. അനീതിക്കെതിരിൽ അദ്ദേഹം മൗനം പാലിച്ചു എന്നാണോ വിശ്വസിക്കേണ്ടത്? അത് പാപമല്ലേ? പാപസുരക്ഷിതൻ അത് ചെയ്യുമോ?

രണ്ടിലൊരു കാര്യം സമ്മതിക്കാൻ ശിയാക്കൾ നിർബന്ധിതരാണ്. ഒന്നുകിൽ അലി(റ) പാപമുക്തനല്ല എന്ന്, അല്ലെങ്കിൽ അബൂബക്കർ(റ), ഉമർ(റ) എന്നിവർ സത്യസന്ധരും സത്യവിശ്വാസികളുമാണെന്ന്. രണ്ടിൽ ഏത് സമ്മതിച്ചാലും ശിയായിസത്തിന്റെ അടിത്തറയാണ് തകരുക!

തങ്ങളുടെ ഇമാമുകൾക്ക് അവർ എപ്പോഴാണ് മരിക്കുക എന്ന് അറിയാം, തന്നിഷ്ടപ്രകാരമല്ലാതെ അവരുടെ മരണം സംഭവിക്കില്ല എന്നും ഇവരുടെ കിതാബുകളിലുണ്ട്. അതേസമയം, ഒരു ഇമാമും സ്വാഭാവിക മരണം വരിക്കുന്നില്ലെന്നും വധിക്കപ്പെടുകയോ വിഷമേറ്റ് ചരമം പ്രാപിക്കുകയോ ആണ് ചെയ്യുകയെന്നും എഴുതിവയ്ക്കുന്നു!

തങ്ങളുടെ ഇമാമുകൾ അദൃശ്യജ്ഞാനികളാണെന്ന് ഇവർ പ്രചരിപ്പിക്കുന്നു. എന്നാൽ ഹുസൈൻ(റ) കർബലയിൽ ദാഹവിവശനായി മരിച്ചുവെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. 'അദൃശ്യജ്ഞാനിയായ' ഇമാം എന്തേ മതിയായ വെള്ളം ഒരുക്കിവച്ചില്ല? ആവശ്യമായ വെള്ളം തയ്യാറാക്കിവയ്ക്കുകയെന്നതും താഴെ പറയുന്ന ക്വുർആൻ വചനത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ലേ?

"അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും കെട്ടിനിർത്തിയ കുതിരകളെയും നിങ്ങൾ ഒരുക്കുക. അതുമുഖേന അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവെയും, അവർക്ക് പുറമെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റുചിലരെയും നിങ്ങൾ ഭയപ്പെടുത്തുവാൻ വേണ്ടി..." (8:60).

ഇമാമുമാർ അദൃശ്യമറിയുന്നവരാണെന്ന, ഇവരുടെ മൗലികവും പിഴച്ചതുമായ വിശ്വാസമാണ് ഇവിടെ നിലംപതിക്കുന്നത്. ഭക്ഷണത്തിൽ വിഷമുണ്ടെന്നറിഞ്ഞിട്ടും അത് കഴിക്കുന്നത് ആത്മഹത്യയാണ്. നരകമാണ് അതിനുള്ള ശിക്ഷ.

മഹാന്മാരായ സ്വഹാബിമാരും ശ്രേഷ്ഠരായ ഖലീഫമാരുമെല്ലാം ഇവർ പറയുന്ന ആരോപണങ്ങളിൽ നിന്നും പരിപൂർണമായും മുക്തരാണ്. അവരുടെ പേരിൽ കെട്ടുകെട്ടി പറയുകയാണ് ശിയാക്കൾ ചെയ്യുന്നത്. ■

# സൂറതുലുക്വ്മാൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം
31

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَلَوْ أَنَّمَا فِي الْأَرْضِ مِن شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ
مِن بَعْدِهِ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَاتُ اللَّهِ ۗ إِنَّ
اللَّهَ عَزِيزٌ حَكِيمٌ ﴿٢٧﴾

27. ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാകുകയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

مَّا خَلْقُكُمْ وَلَا بَعْثُكُمْ إِلَّا كَنَفْسٍ وَاحِدَةٍ ۗ إِنَّ
اللَّهَ سَمِيعٌ بَصِيرٌ ﴿٢٨﴾

28. നിങ്ങളെ സൃഷ്ടിക്കുന്നതും പുനരുജ്ജീവിപ്പിക്കുന്നതും ഒരൊറ്റ വ്യക്തിയെ (സൃഷ്ടിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നത്) പോലെ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനത്രെ.

أَلَمْ تَرَ أَنَّ اللَّهَ يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ
فِي اللَّيْلِ وَسَخَّرَ الشَّمْسَ وَالْقَمَرَ كُلٌّ يَجْرِي إِلَىٰ أَجَلٍ
مُّسَمًّى وَأَنَّ اللَّهَ بِمَا تَعْمَلُونَ خَبِيرٌ ﴿٢٩﴾

29. അല്ലാഹു രാത്രിയെ പകലിൽ പ്രവേശിപ്പിക്കുകയും പകലിനെ രാത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു എന്ന് നീ ചിന്തിച്ചു നോക്കിയിട്ടില്ലേ? അവൻ സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം നിർണിതമായ ഒരു അവധിവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണെന്നും (നീ ആലോചിച്ചിട്ടില്ലേ?).

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ
الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ ﴿٣٠﴾

30. അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നതെല്ലാം വ്യർഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും.

أَلَمْ تَرَ أَنَّ الْفُلْكَ تَجْرِي فِي الْبَحْرِ بِنِعْمَتِ اللَّهِ
لِيُرِيَكُم مِّنْ آيَاتِهِ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّكُلِّ صَبَّارٍ
شَكُورٍ ﴿٣١﴾

31. കടലിലൂടെ കപ്പലുകൾ സഞ്ചരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം നിമിത്തമാണെന്ന് നീ കണ്ടില്ലേ? അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ചുതരാൻ വേണ്ടിയത്രെ അത്. ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

27) തുടർന്ന് പറയുന്നത് അവന്റെ വാക്കുകളുടെ വിശാലതയും മഹത്ത്വവുമാണ്. അത് ഹൃദയത്തിൽ ആഴത്തിൽ എത്തുകയും മനസ്സിനെ അമ്പരപ്പിക്കുകയും ചെയ്യുന്നു. ഹൃദയങ്ങൾ പരിഭ്രമിക്കുന്നു. യുക്തിയും വിവേകവുമുള്ള ആളുകളെ അതിന്റെ അർഥങ്ങളുടെ ആഴത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

(ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനകളായിരിക്കുകയും) എഴുതാവുന്ന. (സമുദ്രം മഷിയാവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും) എഴുതാൻ സഹായിക്കുന്ന മഷിയായി. ആ പേനകൾ തകരുകയും ആ മഷി തീരുകയും ചെയ്യും. എന്നാലും (അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല) ഇത് അടിസ്ഥാനമില്ലാത്തതോ അതിശയോക്തിയോ അല്ല. മനുഷ്യമനസ്സുകൾക്ക് അവന്റെ ചില ഗുണങ്ങൾ പൂർണമായി മനസ്സിലാക്കാൻ കഴിയില്ലെന്ന് അല്ലാഹുവിന് അറിയാം. അവനെ അറിയുന്നത് അവന്റെ അടിമകൾക്ക് നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്; അവർക്ക് നേടാൻ പറ്റുന്ന ഏറ്റവും വലിയ പുണ്യവും. എന്നാൽ ആ ദൈവികഗുണങ്ങൾ ഉള്ളതുപോലെ പൂർണമായി മനസ്സിലാക്കാൻ മനഷ്യന് സാധ്യമല്ല. എന്നാൽ പൂർണമായി കഴിയാത്തതെല്ലാം ഉപേക്ഷിക്കുക എന്നതും ശരിയല്ല. അതിനാൽ അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്നതിനും മനസ്സിനെ ശാന്തമാക്കുന്നതിനും വേണ്ടി അല്ലാഹു ഒരു ഉദാഹരണം പറയുകയാണിവിടെ. ഒരു ആശയം ഗ്രഹിക്കാൻ പര്യാപ്തരാക്കുക. അതിലൂടെ അവർക്ക് പൂർണമായി മനസ്സിലാക്കാൻ കഴിയാത്തത് ഭാഗികമായിട്ടെങ്കിലും ഇതിലൂടെ മനസ്സിലാക്കാൻ കഴിയും.

തന്റെ രക്ഷിതാവിനെക്കുറിച്ച് നന്നായി അറിയുന്നവൻ പറഞ്ഞത് എന്താണ്? (നീ നിന്നെത്തന്നെ പുകഴ്ത്തിയതുപോലെ പുകഴ്ത്താൻ ഞങ്ങൾക്ക് കഴിയില്ല) മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ അതിനെക്കാൾ വലിയ ഒരു ലക്ഷ്യമാണ് ഈ ഉപമക്കുള്ളത്. അതായത് ആളുകൾക്ക് പൂർണമായി ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിലും പരമാവധി മനസ്സിലാക്കിക്കൊടുക്കാൻ ലളിതവത്കരിക്കുക എന്നതായിരിക്കാം. മരങ്ങൾ എത്രതന്നെ ഇരട്ടിച്ചാലും സമുദ്രങ്ങൾ എത്ര അധികമുണ്ടായാലും അവയെല്ലാം തീർന്നുപോകാം. കാരണം അത് സൃഷ്ടിയാണ്. എന്നാൽ അല്ലാഹുവിന്റെ വചനങ്ങൾ തീരുന്ന പ്രശ്നമില്ല. അത് തീരില്ലെന്നും അവസാനിക്കുന്നില്ലെന്നും ബുദ്ധിപരവും മതപരവുമായ തെളിവുകളിലൂടെ നമ്മെ അറിയിച്ച കാര്യമാണ്. അല്ലാഹുവും അവന്റെ ഗുണങ്ങളുമല്ലാത്തതെല്ലാം അവസാനിക്കും.

وَأَنَّ إِلَىٰ رَبِّكَ الْمُنتَهَىٰ

'നിന്റെ രക്ഷിതാവിങ്കലേക്കാണ് എല്ലാം ചെന്നവസാനിക്കുന്നത്' (53:42)

ആദ്യത്തെതാവുക, അവസാനത്തെതാവുക എന്നതിന്റെ യാഥാർഥ്യം ചിന്തിച്ചാൽ, നമ്മുടെ ബുദ്ധിയിൽ വരുന്ന ആദ്യകാലം എത്രതന്നെ സങ്കൽപിച്ചാലും അതെത്രയായിരിക്കും? അതിനുമപ്പുറം അറ്റമില്ലാതെ കിടക്കുന്നു അല്ലാഹുവിന്റെ ആദ്യത. അവസാനത്തെതാവുക എന്നത് ചിന്തിച്ചാലും ഇതുതന്നെ സ്ഥിതി. എത്ര തന്നെ സങ്കൽപിച്ചാലും, ഹൃദയവും നാവും അതിന് എത്ര തന്നെ സഹായിച്ചാലും അല്ലാഹു അതിനപ്പുറം അറ്റമില്ലാതെ പോകുന്നു.

ഭൂതകാലത്തിലും വർത്തമാനത്തിലും ഭാവിയിലുമെല്ലാം അല്ലാഹു അവൻ ഉദ്ദേശിക്കുന്നതെന്തും സംസാരിക്കും. അവൻ എന്തെങ്കിലും ഇച്ഛിച്ചാൽ അവന്റെ വാക്കും പ്രവൃത്തിയും തടസ്സപ്പെടുത്താൻ യാതൊന്നിനും കഴിയില്ല. ഇനി അവൻ പറഞ്ഞ ഉപമയെക്കുറിച്ച് ചിന്തിച്ചാൽ, അത് തന്റെ ദാസന്മാർക്ക് അതിനെക്കുറിച്ച് ഒരു ആശയം നൽകൽ മാത്രമാണെന്ന് കാണാം. അല്ലെങ്കിൽ കാര്യം അതിനെക്കാൾ ഗൗരവതരമാണ്.

തുടർന്ന് അല്ലാഹു അവന്റെ ശക്തിയുടെ മഹത്ത്വവും അവന്റെ ജ്ഞാനത്തിന്റെ പൂർണതയും പരാമർശിക്കുന്നു. (തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു) എല്ലാ ശക്തിയും അവനുള്ളതാണ്. ഈ ലോകത്തും ഉന്നതലോകത്തുമുള്ള ഏതു ശക്തിയും അവനിൽനിന്ന് വരുന്നതാണ്. അവനാണ് അത് സൃഷ്ടിക്കുന്നത്. അവനല്ലാതെ ഒരു ശക്തിയും കഴിവും ഇല്ല. അവരെ അവൻ നിയന്ത്രിക്കുന്നു, അവന്റെ യുക്തിയാൽ അവൻ സൃഷ്ടിയെ പടച്ചു. അതിന്റെ ലക്ഷ്യത്തിലുമുണ്ട് യുക്തി. കൽപനകളിലും വിരോധങ്ങളിലും യുക്തി കാണാം. സൃഷ്ടി, സ്ഥിതി, സംഹാരത്തിലുമെല്ലാം യുക്തിയുണ്ട്.

28) ഇവിടെ അല്ലാഹു അവന്റെ ശക്തിയെയും മഹത്ത്വത്തെയും പൂർണതയെയും കുറിച്ച് പറയുന്നു. (നിങ്ങളെ സൃഷ്ടിക്കുന്നതും പുനർജീവിപ്പിക്കുന്നതും ഒരൊറ്റ വ്യക്തിയെപ്പോലെ മാത്രമാകുന്നു) ഇത് അത്ഭുതപ്പെടു

ത്തുന്ന ഒരു കാര്യമാണ്. സർവ മനുഷ്യരെയും-അവർ ധാരാളം ഉണ്ടായിരിക്കെത്തന്നെ - മരണ ശേഷം അവർ ചിതറിപ്പോയാൽ ഒരൊറ്റ നിമിഷം കൊണ്ട് ഉയിർത്തെഴുന്നേൽപിക്കും; ഒരാളെ ഉയിർത്തെഴുന്നേൽപിക്കുന്നതു പോലെ. ഉയിർത്തെഴുന്നേൽപിനെയും കർമങ്ങൾക്കുള്ള പ്രതിഫലത്തെയും സംഭവിക്കാൻ സാധ്യതയില്ലാത്തതായി കാണുന്നത് അല്ലാഹുവിന്റെ മഹത്ത്വത്തെയും ശക്തിയെയും കുറിച്ചുള്ള അജ്ഞതകൊണ്ട് മാത്രമാണ്.

തുടർന്ന് പറയുന്നത്, എല്ലാ ശബ്ദങ്ങളും കേൾക്കാൻ കഴിയുന്ന അവന്റെ കേൾവിയെക്കുറിച്ചും എല്ലാം കാണുന്ന അവന്റെ കാഴ്ചയെക്കുറിച്ചുമാണ്. (തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നുവത്രെ).

29) നിയന്ത്രണവും കൈകാര്യകർതൃത്വവും അവന് മാത്രമുള്ളതാണെന്ന് ഇതിലുണ്ട്. രാത്രിയെ പകലിൽ പ്രവേശിപ്പിക്കുകയും പകലിനെ രാത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നത് അവന്റെ ഈ നിയന്ത്രണത്തിൽ പെട്ടതാണ്. അവ രണ്ടിൽ ഒന്ന് മറ്റൊന്നിൽ പ്രവേശിപ്പിക്കൽ, ഒന്ന് മറ്റൊന്നിൽ പ്രവേശിച്ചാൽ ഒന്ന് ഇല്ലാതാകും. അവൻ സൂര്യനെയും ചന്ദ്രനെയും സൗകര്യപ്പെടുത്തി. അവ രണ്ടും വ്യവസ്ഥയിലും നിയന്ത്രണത്തിലും യാതൊരു വീഴ്ചയും വരുത്താതെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ആളുകൾക്ക് ഏറെ പ്രയോജനകരമായ വിധത്തിൽ അവരുടെ മതപരവും ലൗകികവുമായ കാര്യങ്ങളിൽ അവരതിനെ പ്രയോജനപ്പെടുത്തികൊണ്ടിരിക്കുന്നു. (എല്ലാം) അവ രണ്ടും. (നിർണിതമായ ഒരവധിവരെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു) ആ അവധി എത്തിക്കഴിഞ്ഞാൽ അവ സഞ്ചാരം നിർത്തുകയും അവയുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. അന്ത്യദിനത്തിലാണ് അത് സംഭവിക്കുന്നത്. അന്ന് സൂര്യൻ ചുറ്റിപ്പൊതിയപ്പെടുകയും ചന്ദ്രന് ഗ്രഹണം ബാധിക്കുകയും ചെയ്യും. അന്ന് ഇഹലോകം അവസാനിക്കുകയും പരലോകം ആരംഭിക്കുകയും ചെയ്യും. (നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം) നന്മയും തിന്മയും. (അവൻ സൂക്ഷ്മമായി) അറിയുന്നവനാണ്. ഒന്നും അറിയാതെ പോകില്ല. അനുസരിക്കുന്നവർക്ക് പ്രതിഫലവും ധിക്കരിക്കുന്നവർക്ക് ശിക്ഷയുമായി പ്രവർത്തനങ്ങൾക്ക് അവൻ പ്രതിഫലം നൽകും.

30) (അത്) അവന്റെ മഹത്ത്വത്തെയും ഗുണങ്ങളെയും കുറിച്ച് നിങ്ങൾക്ക് വിശദീകരിച്ചുതന്നത്. (അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ) അവന്റെ സത്തയിലും ഗുണങ്ങളിലും സത്യമാണ്. അവന്റെ മതം സത്യമാണ്. പ്രവാചകൻമാർ സത്യമാണ്. അവന്റെ വാഗ്ദാനം സത്യമാണ്. അവന്റെ മുന്നറിയിപ്പ് സത്യമാണ്.

(അവനു പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നതെല്ലാം നിരർഥകതയാണ്) അവയുടെ സത്തയിലും ഗുണങ്ങളിലും തികഞ്ഞ അസത്യമാണ്. അല്ലാഹു അവയെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ അവ നിലനിൽക്കില്ല. അവൻ അവയെ പിന്തുണച്ചില്ലായിരുന്നെങ്കിൽ അവർ അതിജീവിക്കില്ലായിരുന്നു. അതെല്ലാം നിരർഥകമാണെങ്കിൽ അവയെ ആരാധിക്കുന്നത് അതിനെക്കാൾ നിരർഥകമാണ്.

(അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും) തീർച്ചയായും അല്ലാഹു അവന്റെ സത്തയിൽ എല്ലാ സൃഷ്ടികൾക്കും ഉപരിയായി അത്യുന്നതനാണ്. താരതമ്യപ്പെടുത്താൻ കഴിയാത്തത്ര മഹത്തായതാണ് അവന്റെ നാമഗുണവിശേഷണങ്ങൾ. (വലിയവനും) അവന്റെ സത്തയിലും ഗുണത്തിലും അവൻ വലിയവനാണ്. ഭൂമിയിലും ആകാശത്തുമുള്ളവരുടെ ഹൃദയങ്ങളിൽ അവനോട് അങ്ങേയറ്റം ബഹുമാനമുണ്ട്.

31) അവന്റെ ശക്തിയുടെയും കാരുണ്യത്തിന്റെയും അടിമകളോടുള്ള അവന്റെ കരുതലിന്റെയും അടയാളങ്ങളിൽപെട്ടതാണ്; അവൻ കടലിനെ അവർക്ക് ഉപകാരപ്രദമാക്കുകയും അവന്റെ കൽപനയനുസരിച്ച് കപ്പലുകൾ അതിൽ സഞ്ചരിക്കുകയും ചെയ്യുന്നു എന്നത്. അത് നിങ്ങൾ കാണുന്നില്ലേ എന്നാണ് ചോദിക്കുന്നത്. അതായത് അവന്റെ ദയയും കാരുണ്യവും. (അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് അവൻ നിങ്ങൾക്ക് കാണിച്ചുതരാൻ വേണ്ടിയത്രെ അത്) കാരണം അവന്റെ ദൃഷ്ടാന്തങ്ങളിൽ ധാരാളം പ്രയോജനങ്ങളും ഗുണപാഠങ്ങളുമുണ്ട്. (ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്) അവർ ദൃഷ്ടാന്തങ്ങളെ പ്രയോജനപ്പെടുത്തുന്നവരാണ്. (ക്ഷമാശീലരും) ബുദ്ധിമുട്ടുകൾ വരുമ്പോൾ. (നന്ദിയുള്ളവരും) സന്തോഷം വരുമ്പോൾ അല്ലാഹുവിനെ അനുസരിക്കാനുള്ള ക്ഷമ, തെറ്റുകൾ ഉപേക്ഷിക്കാനുള്ള ക്ഷമ, വിധികളിലെ പ്രയാസങ്ങളിലുള്ള ക്ഷമ; മതപരവും ലൗകികവുമായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളിലുള്ള നന്ദിയും. ■

ഇബ്നു അലി
എടത്തനാട്ടുകര
: 94461 51577



# നന്മയുടെ നീർത്തുള്ളികൾ

ഒരു കിണർ കുഴിക്കാൻ എത്ര ചെലവ് വരും? മോട്ടോറും ആവശ്യമെങ്കിൽ റിംഗും ഇട്ട, തുറന്ന കിണറിന്, അല്ലെങ്കിൽ മോട്ടോർ സഹിതം കുഴൽക്കിണറിന്? ഒരു ലക്ഷമോ അതിന് മുകളിലോ വേണമെന്നുറപ്പ്.

10,000 രൂപയ്ക്ക് കിണർ കുഴിക്കാം, അതും വെള്ളം പമ്പ് ചെയ്യാനുള്ള സംവിധാനമടക്കം. യന്ത്രസംവിധാന സഹായമൊന്നുമില്ലാതെ മൂന്നാൾ ചേർന്ന് ഒരു നാൾ കൊണ്ടൊരു കിണറങ്ങ് കുഴിച്ച് ഹാൻഡ് പമ്പും സ്ഥാപിച്ച് വെള്ളം ഉപയോഗിക്കാൻ റെഡിയാക്കും. 40 അടി തൊട്ട് വെള്ളം സുലഭമായി കിട്ടിത്തുടങ്ങും. വിശ്വാസം വരുന്നില്ല അല്ലേ...?!

മുമ്പ് കേട്ടിട്ടുണ്ടെങ്കിലും, പീസ് റേഡിയോ സുഹൃത്തിന്റെ യാത്രാ വിശേഷങ്ങൾ കേട്ടപ്പോഴാണ് വീണ്ടും ഓർമ വന്നത്. ദിവസങ്ങൾക്കു മുമ്പ് കൂട്ടുകാരോടൊത്ത് തെക്കുപടിഞ്ഞാറ് ഇന്ത്യയിൽ അത്തരം പ്രദേശങ്ങളിൽ നടത്തിയ ട്രിപ്പിൽ അത് നേരിൽ കണ്ടപ്പോൾ, ആ 'ദൃശ്യം പ്രോഗ്രാം' അത്രമേൽ മനസ്സിലേക്ക് ഇറങ്ങി.

ഉത്തരേന്ത്യയിൽ പഠിച്ച യാത്രാകമ്പക്കാരനായ ഈ സുഹൃത്ത് ഗ്രാമങ്ങളിലൂടെ നടത്തിയ ഒരു യാത്രയിലെ കാഴ്ചകളാണ് കിണർ നിർമിച്ചു നൽകുക എന്ന ആശയം മനസ്സിൽ കിനിയിച്ചത്. അത്യാവശ്യക്കാർക്ക് കുടിവെള്ളം കൊടുക്കുന്നതിനെക്കാൾ വലിയ മാനുഷികപ്രവൃത്തി വേറെ ഏതുണ്ട്?

അദ്ദേഹം ഉറ്റ കൂട്ടുകാരുടെ സഹായത്തോടെ പദ്ധതിയങ്ങ് തുടങ്ങിവച്ചു. സമയം കിട്ടുമ്പോഴൊക്കെ സഹായിക്കാൻ സാധ്യതയുള്ളവരോട് ഇക്കാര്യം പങ്കുവച്ചു. അക്കൂട്ടത്തിൽ പെട്ട, അദ്ദേഹത്തിന്റെ സഹപാഠിയും അധ്യാപകനുമായ ഒരു സുഹൃത്തിന്റെ വിളി. കിണറിന് ഒരു ചെറിയ സഹായം കൈമാറാൻ നേരിൽ വരാമോ എന്നാണ് അറിയേണ്ടത്. വൈകാതെ അദ്ദേഹം പറഞ്ഞിടത്തെത്തി. ഭാര്യാസമേതം കൂട്ടുകാരൻ കാത്തുനിൽക്കുന്നു. സുഹൃത്തിനെയും കൂട്ടി അവർ തൊട്ടടുത്ത ജ്വല്ലറിയിലേക്ക് കയറി. ഭാര്യ കൈയിൽ കരുതിയ സ്വർണമാലയഴിച്ച് കൈമാറി. സുഹൃത്തിനോട് തൂക്കിനോക്കി അതിന്റെ കാശ് വാങ്ങാൻ ആവശ്യപ്പെട്ടു. ഒരു ഡസനോളം കിണറുകൾ കുഴിക്കാനുള്ള തുക ലഭിച്ചു ആ ആഭരണത്തിന്. ആ കാശ് കൈയിൽ വച്ചപ്പോൾ സുഹൃത്തിന്റെ കണ്ണുകൾ നിറഞ്ഞുപോയി.

അന്ന് ഇരുപതിനടുത്ത് എത്തിയ കിണറുകളുടെ എണ്ണം ഇന്ന് 100 കവിഞ്ഞിരിക്കുന്നു. സർവശക്തന് സ്തുതി. കാരുണ്യപ്രവർത്തനത്തിന്റെ കാര്യം അങ്ങനെയാണ്. ആത്മാർഥതയോടെ, ആരെയും ബോധിപ്പിക്കാനല്ലാതെ, പ്രാർഥനയോടെ മുന്നിട്ടിറങ്ങിയാൽ സഹായത്തിന്റെ വാതിലുകൾ താനേ തുറന്ന് വരും.

ഒരു കിണർകൊണ്ട് രണ്ടോ മൂന്നോ കുടുംബങ്ങൾക്ക് ജീവജലം നൽകാൻ നമുക്കുമാകും; കേവലം പതിനായിരം രൂപകൊണ്ട്. ദീർഘകാലം വറ്റാതെ നിൽക്കുന്ന നന്മയുടെ നീർത്തുള്ളികൾ നമ്മുടെ സൽകർമത്തിന്റെ തുലാസ്സിന് കനം കൂട്ടും. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# GREEN HOME RESIDENTIAL CAMPUS

## FOR BOYS AND GIRLS

# REGISTRATION OPEN

## FOR GRADE 5-9






### SPECIALITIES

- Affiliated to CBSE Board of Education, New Delhi
- Seasoned & Experienced Faculty
- Curriculum Enriched with Belief System, Islamic Studies, Ethics and Morals
- Memorization of a Prescribed Portion of the Holy Qur'an with Thajweed Rules
- Communicative English and Academic Support with Subject Faculties
- Counselling Facility for Socio-Emotional Well Being
- Healthy and Nutritious Menu
- Sports and Fitness Facilities
- Computer lab for Learning Enhancement

**CONTACT : +91 9061 746 600
+91 9061 716 600**

greenvalleycampus

GREEN VALLEY PUBLIC SCHOOL
greenvalleycampus

*Green Valley Campus
Nellikkaparamba, Mukkam, Kozhikode
Kerala, Pin: 673602
Tel: 0495-220 8770, Mob: 9061716600
E-Mail: info@greenvalleycampus.com
Web: www.greenvalleycampus.com*

*For Registration Scan QR Code*

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 24 May 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




دار الحكمة
WISDOM
HOUSE
— CALICUT —

നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031